കേരള

പ്രൈവററ്

കോളേജ്

ടീച്ചർ

നവംബർ 1982

# AKPCTA Journal

**Kerala**
**Private College Teacher**

*Monthly Journal of*
*all Kerala Private*
*College teachers' association*

**No.** 41

**November** 1982

**EDITORIAL BOARD**

M. R. Chandrasekharan
(Chairman)
N. M. Joseph
M. K. Chindankutty
Tholoor Sasidharan
K. K. Ramakrishnan
V. Narayanankutty
T. Gopalakrishnan
V. N. Murali
(Chief Editor)

# അഖണ്ഡ റിലേ
# നിരാഹാര സത്യാഗ്രഹം ആരംഭിച്ചു

തിരുവനന്തപുരം, നവംബർ 23. ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ എ.കെ. പി.സി.ടി.എ. യുടെയും എ.കെ.ജി.സി.ടി. യുടെയും പത്തു പ്രതിനിധികൾ സെക്രട്ടറിയേററുപടിക്കൽ ഇന്ന് സത്യാഗ്രഹം ആരംഭിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീ. പ്രഭാകരൻ നായരാണ് സത്യാഗ്രഹം ഉദ്ഘാടനം ചെയ്തത്.

# അറിയിപ്പുകൾ

## ജേർണൽ സ്പെഷ്യൽ

### പരസ്യങ്ങൾ താമസിക്കരുത്

കൺവൻഷൻ ദിവസം പ്രസിദ്ധീകരിയ്ക്കുന്ന ജേർണൽ സ്പെഷ്യലിലേയ്ക്കുള്ള പരസ്യങ്ങൾ എത്രയും പെട്ടെന്നു തന്നെ എത്തിച്ചുതരിക. താരിഫ് കാർഡുകളും, കവറിംഗ് ലറററുകളും കൂടുതലായി ആവശ്യമുണ്ടെങ്കിൽ എഴുതിയാൽമതി ഡിസംബർ അവസാനത്തോടെ സ്പെഷ്യലിന്റെ അച്ചടി ആരംഭിക്കേണ്ടതുകൊണ്ട് പരസ്യങ്ങൾ നേരത്തെ അയച്ചുതരാൻ ശ്രദ്ധിക്കണം. സ്പെഷ്യലിലേയ്ക്ക് ലേഖനങ്ങളും കവിതകളും അയച്ചുതരണമെന്നും അഭ്യർത്ഥിക്കുന്നു.

### മെമ്പർഷിപ്പ്

ഇനിയും മെമ്പർഷിപ്പുതുക അയച്ചുകൊടുത്തിട്ടില്ലാത്തവർ എത്രയും വേഗം സംസ്ഥാന ട്രഷററുടെ പേർക്ക് അയയ്ക്കുക.

മേൽവിലാസം :

പ്രൊഫ എം. കെ ചിണ്ടൻകുട്ടി
സർസെയ്ത് കോളേജ്
തളിപ്പറമ്പ്, കണ്ണൂർ ജില്ല

### സമരഫണ്ട്

വളരെ വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചവാർഷികഅംഗത്വവരിസംഖ്യകൊണ്ടാണ് സംഘടനാപ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. പ്രത്യേക സമരഫണ്ട് രൂപീകരിക്കാതെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോവുക പ്രയാസമാണ്. അതുകൊണ്ട് ഓരോ അംഗവും 10 രൂപാവീതം സമരഫണ്ടിലേയ്ക്ക് നല്കണം. ബ്രാഞ്ചുസെക്രട്ടറിമാർ എത്രയും വേഗം തുക ട്രഷററുടെ പേർക്ക് അയച്ചുകൊടുക്കണം.

മുഖപ്രസംഗം

# സമര മാർഗ്ഗത്തിൽ അചഞ്ചലരായിമുന്നേറുക

നവംബർ 13, 14 തീയതികളിൽ ജില്ലതോറും സംയുക്ത കൺവെൻഷനുകൾ ; നവംബർ 23 മുതൽ 10 ദിവസത്തെ നിരാഹാരറിലേ സത്യഗ്രഹം സെക്രട്ടറിയേററ് പടിക്കൽ; ഡിസംബർ 7 മുതൽ 10 ദിവസത്തെ സെക്രട്ടറിയേററ് പിക്കററിംഗ്–ഈ മൂന്നു ഘട്ടവും കഴിഞ്ഞിട്ടും, ഗവൺമെൻറ് അതിൻെറ അലസനിദ്രയിൽ നിന്നുണരുന്നില്ലെങ്കിൽ അനിശ്ചിതകാലപണിമുടക്കം — ഇങ്ങയുള്ള ഒരു പ്രക്ഷോഭണ പദ്ധതിയാണ് ഏ. കെ. പി. സി. ടി. ഏ. യും ഏ. കെ. ജി. സി. ടി യും ഉൾപ്പെടുന്ന കോളേജധ്യാപകരുടെ സംയുക്തസമരസമിതി സ്വീകരിച്ചിട്ടുള്ളത്. നെടുനാളത്തെ നീണ്ട ആലോചനയ്ക്കും, ഗവൺമെൻറിനു നൽകിയ എണ്ണമററ നിവേദനങ്ങൾക്കും, മന്ത്രിമാരിൽ നിന്ന് ലഭിച്ച ആവർത്തിച്ചുള്ള ഉറപ്പുകൾക്കും ശേഷം, മററൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ടാണ് പ്രക്ഷോഭണ സമരപഥത്തിലേയ്ക്ക് നീങ്ങാൻ അധ്യാപകർ തയ്യാറായിട്ടുള്ളത്. 1981 ഫെബ്രുവരിയിൽ നടത്തിയ ആ മഹാസമരത്തിൻെറ തുടർച്ചയായിട്ടുള്ള ഒന്നാണിതും. അന്ന് ഗവൺമെൻറ് നൽകിയ ഉറപ്പുകൾ ഗവൺമൻെറ് പരിപാലിച്ചില്ല. ആറുമാസത്തിനുള്ളിൽ ഗവൺമെൻറിൻെറഉറപ്പുകൾ നടപ്പാകും എന്നായിരുന്നു വാഗ്ദാനം. ആറുമാസം കഴിഞ്ഞു. വീണ്ടും ആറു മാസം കഴിഞ്ഞു. 1981 ഫെബ്രുവരി 28നു ശേഷം ഇപ്പോൾ ആറു മാസങ്ങൾ എത്രയായി! ഗവൺമെൻറ് ഉറപ്പുകൾ നടപ്പാക്കണമെന്നു തന്നെയാണ് പറയുന്നത്. ഇപ്പോഴത്തെ ബ.ഹു:വിദ്യാഭ്യാസ മന്ത്രി ശ്രീ. ടി. എം. ജേക്കബ് അധ്യാപകരുടെ ആവശ്യങ്ങൾ എല്ലാം അനുവദിക്കാമെന്ന് ആവേശപൂർവ്വം പറയുകയുണ്ടായി. അധ്യാപക സംഘടനാ പ്രതിനിധികളുടെ കോൺഫറൻസു വിളിച്ചു കൂട്ടി അതിൽ തൻെറ നയം അദ്ദേഹം സ്പടികസ്ഫുടമായി വിവരിക്കുകപോലുമുണ്ടയി. അധ്യാപകരുടെ കാര്യത്തിൽ ഉടനെ തീരുമാനമുണ്ടാകുമെന്നാണ് അദ്ദേഹം ആവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ഞങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രിയെ വിശ്വാസം തന്നെയാണ്. എന്നാൽ, അദ്ദേഹം പറഞ്ഞകാര്യങ്ങളിൽ ഒന്നിനെ സംബന്ധിച്ചു പോലും ഗവൺമെൻറുകല്പനയുണ്ടായില്ലെന്നതിൽ അധ്യാപകർക്കു വമ്പിച്ചപരിതാപമുണ്ട്. കാലം പോകുന്നു. ഇപ്പോൾ പറയുന്നത് ഇനിയെല്ലാംപേക്കമ്മീഷനുശേഷമേ ഉള്ള എന്നാണ്. 1981–ലെ പണിമുടക്കിൽ ഗവൺമെൻറു നൽകിയ ഉറപ്പുകൾ 1983 ജൂലയ്ക്കു ശേഷംചെയ്യേണ്ടകാര്യങ്ങൾ

പരിഗണിക്കുന്ന കമ്മീഷനുവിടുക എന്നു പറയുന്നത്, മിതമായി പറഞ്ഞാൽ, ആളുകളെ കളിയാക്കലാണ്. 1981 ന് എത്രയോ മുമ്പനുവദിക്കേണ്ടിയിരുന്നകാര്യങ്ങളാക്കായിരുന്നു കോളേജധ്യാപകർ 1981–ൽ പണിമുടക്കു സമരം നടത്തിയത്. അന്നു നല്കിയ ഉറപ്പുകൾ ഇനി 1983 ജൂലായ്ക്കു ശേഷമുള്ള കാര്യങ്ങൾ നിശ്ചയിക്കേണ്ട കമ്മീഷൻെറ പരിഗണനയ്ക്ക് വിടുക എന്നു പറഞ്ഞാൽ അവകാശ ബോധവും ആത്മാഭിമാനവുമുള്ള യാതൊരാൾക്കും അത് അനുവദിക്കാൻകഴിയുകയില്ല. കോളേജധ്യാപകർ ഇപ്പോൾ പ്രക്ഷോഭണത്തിന് ഒരുങ്ങിപ്പുറപ്പെട്ടതിൻെറ പശ്ചാത്തലം ഇതാണ്. 1981 ലെഒത്തുതീർപ്പുവ്യവസ്ഥകളും, അതിനു ശേഷം മന്ത്രിമാർ നൽകിയ വാഗ്ദാനങ്ങളുമെല്ലാം സംബന്ധിച്ച് സത്വരമായ തീരുമാനം ഉണ്ടാകണം. ഗവൺമെൻറ് അലംഭാവം ഉപേക്ഷിക്കണം. കോളേജധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ വൈകിയ വേളയിലെങ്കിലുംഗവൺമെൻറ് തയ്യാറായി മുന്നോട്ടു വരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## ക്രിസ്ത്യൻ കോളേജിലെ പിരിച്ചു വിടൽ

പ്രൊഫസ്സർ ലാൻസ്ലററ് തോമസിനെ പിരിച്ചുവിട്ടകോഴിക്കോട് ക്രിസ്ത്യൻ കോളേജ് മാനജുമെൻറ് അധ്യാപകരുടെ സംഘടിതമായ അഭിപ്രായപ്രകടനത്തെ അവഗണിച്ചു കൊണ്ട് തങ്ങളുടെ തെററായ വഴിക്ക് നീങ്ങുകയാണ്. ഒരു തുറന്ന സമരം കൊണ്ടേ മാനേജുമെൻറിനെ നേർവഴിക്കു കൊണ്ടുവരാൻ കഴിയൂ എന്ന് വ്യക്തമായിരിക്കുന്നു. ഒരനിശ്ചിത കാല പണിമുടക്കത്തിന്ന് ക്രിസ്ത്യൻ കോളേജധ്യാപകർതയ്യാറെടുത്തു വരികയാണ്. ക്രിസ്ത്യൻ കോളേജ് പ്രശ്നത്തിൽ ഇടപെടാൻ ഗവൺമെൻറും യൂണിവേഴ്സിററിയും ഇനിയുംതയ്യാറായി കണ്ടില്ല. കോഴിക്കോട്ടെ സംയുക്തസമരസമിതി ക്രിസ്ത്യൻ കോളേജിലെ സമരത്തിന്ഇനിയങ്ങോട്ട് ധീരമായ നേതൃത്വം നല്കുന്നതാണ്. ഈ സമരത്തിൽ സംയുക്ത സമരസമിതിക്ക് സർവാത്മനാ പിൻതുണ നല്കണമെന്ന് മുഴുവൻ അധ്യാപകരോടും വിദ്യാഭ്യാസ പ്രേമികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

---

### ലാൻസ്ലററ് തോമസിനെ തിരിച്ചെടുക്കുക

# മലബാർ കൃസ്ത്യൻ കോളേജിൽ അനിശ്ചിതകാല സമരം ആരംഭിക്കുന്നു.

കോഴിക്കോട് മലബാർ കൃസ്ത്യൻ കോളേജിൽ നിന്നും അകാരണമായി പിരിച്ചുവിടപ്പെട്ട പ്രൊഫ: ലാൻസ് ലററ് തോമസിനെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോളേജിലെ എ.കെ.പി.സി.ടി.എ. ബ്രാഞ്ച്ഡിസംബർ 2 മുതൽ അനിശ്ചിതകാല സമരം ആരംഭിക്കും. നവമ്പർ 11–ാം തീയതി കൂടിയ ജില്ലാ ആക്ഷൻ കൗൺസിലാണ് ഈ തീരുമാനമെടുത്തത്.

ഉപരിവിദ്യാഭ്യാസമണ്ഡലം അധ്യാപകരുടെ പ്രക്ഷോഭണവും സമരവുംകൊണ്ടു കലങ്ങിമറിയുകയാണെന്നുവന്നാൽ അതിന്

# ഗവൺമെൻറു മാത്രമാണ് ഉത്തരവാദി

(യു. ജി. സി. സ്കെയിൽ, ഗ്രേഡ് 1 പ്രൊഫസ്സർ സ്ഥാനം, ജൂനിയർലക്ചറർ തസ്തിക റദ്ദാക്കൽ, 2 മാസത്തെ ശമ്പളം പിടിച്ചെടുക്കുന്ന പരീക്ഷാ നിയമഭേദഗതി പിൻവലിക്കൽ തുടങ്ങി എത്രയോ പ്രശ്നങ്ങളുണ്ട്. എല്ലാം ചെയ്യാമെന്നേററിട്ടും ഒന്നും ചെയ്യാതിരിക്കുന്ന ഗവൺമെൻറുനയം കോളേജധ്യാപകരുടെ ക്ഷമ പരീക്ഷിക്കുകയാണ്....)

**കോളേജ്** അധ്യാപക സമുദായം വീണ്ടും പ്രക്ഷോഭണത്തിൻെറ മാർഗ്ഗത്തെ അവലംബിക്കേണ്ടിവന്നിരിക്കുന്നു ഗവൺമെൻറ് അതിൻെറ വാക്ക പാലിക്കുന്നില്ലെങ്കിൽ, ആവാഗ്ദത്ത ലംഘനം കൊണ്ട് നഷ്ടകഷ്ടങ്ങൾ ഏർപ്പെടുന്നവർക്ക് പ്രക്ഷോഭണവും സമരവുമല്ലാതെ എന്താണൊരു മാർഗ്ഗം?

1981-ലെ പണിമുടക്കിൻെറ അന്ത്യത്തിൽ ഗവൺമെൻറ് നല്കിയ ലിഖിതമായ ഉറപ്പുകൾ ആറുമാസത്തിനുള്ളിൽ പാലിക്കപ്പെടേണ്ടവയായിരുന്നു. ആ ഉറപ്പുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുവേണ്ടിയാണ് ഇപ്പോൾ അധ്യപകർ പൊരുതേണ്ടിവന്നിരിക്കുന്നത്.

അധ്യാപകരുടെ സമരത്തിൻെറ അടിസ്ഥാനമായ ആവശ്യങ്ങളുടെ സൗധത്തിൻെറ ആധാരശിലയായിരുന്നത് യു.ജി.സി. സ്കെയിൽ ആയിരുന്നു. ഇന്ത്യയിലെ കേരളമൊഴിച്ചുള്ള എല്ലാ സ്റ്റേററുകളിലും അനുവദിച്ച യു. ജി സി സ്കെയിൽ കേരളത്തിൽ മാത്രം നിഷിദ്ധമെന്നു വരുന്നത് കേരളത്തിലെ ഭരണചക്രം തിരിക്കുന്നവരുടെ വികലമായ നീതിബോധത്തിൻെറ തെളിവ് മാത്രമാണ്. ഇപ്പോൾ ഇന്ത്യയിലെ മററു 15 റീജിയനൽ എൻജിനീയറിംഗ് കോളേജുകളിൽ നടപ്പാക്കിക്കഴിഞ്ഞതിൻെറ പേരിൽ കോഴിക്കോട്ടെ റീജിയനൽ എൻജിനീയറിംഗ് കോളേജിൽ കേന്ദ്രഗവൺമെൻറുതന്നെ യു ജി സി സ്കെയിൽ നടപ്പാക്കിയിരിക്കുന്നു! കേരളത്തിൽ ചാത്തമംഗലത്തിന്ന് (അവിടെയാണ് റീജിയനൽ എൻജിനീയറിംഗ് കോളേജുള്ളത്) മാത്രമെന്താണൊരു വിശേഷം? ഈ ചാത്തമംഗലം യുക്തി, കേരളത്തിലെ മുഴുവൻ കോളേജ്-യൂണിവേഴ്സിററി അധ്യാപകരുടെ കാര്യത്തിൽ മുഖ്യമന്ത്രിയെന്തേ അംഗീകരിക്കാത്തത്? പുണ്ണിൽ കൊള്ളിവയ്ക്കുന്നതു പോലെയുള്ളതാണ്, റീജിയണൽ എൻജിനീയറിംഗ് കോളേജിൽ യു ജി സി. സ്കെയിൽ അനുവദിച്ച്, മറെറല്ലാ കോളേജുകളിലും അതു നിഷേധിക്കുന്ന ഗവൺമെൻറ് നയം.

## ഒത്തുതീർപ്പു വ്യവസ്ഥകൾ

1981-ലെ സമരത്തിൽ യു. ജി. സി സ്കെയിലിനുപകരമായിട്ടും അന്തസമയം യു. ജി. സി. സ്കെയിൽ സംബന്ധിച്ച് സാധ്യതകൾ പരിശോധിക്കുന്നതിനും അനുകൂലമായ സ്ഥിതിയിൽ അതിവിടെ നടപ്പാക്കുന്നതിനും വിധേയമായിട്ടുമാണ്, ഗവൺമെൻറ് ഗ്രേഡ് 1 നോൺ കാഡർ പ്രൊഫസ്സർപദവി ഏർപ്പെടുത്തുകയും, ജൂനിയർ ലക്ചറർ തസ്തിക

റദ്ദാക്കുകയും ചെയ്യുകയെന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചത്. ആറുമാസത്തിനുള്ളിൽ യു. ജി. സി. സ്കെയിൽ സംബന്ധിച്ചു മാത്രമല്ല, ഗ്രേഡ് I നോൺകാഡർ പ്രൊഫസ്സർ സ്ഥാനം ഏർപ്പെടുത്തുകയും ജൂനിയർ ലക്ചറർ സ്ഥാനം റദ്ദാക്കുകയും ചെയ്യുന്നതു സംബന്ധിച്ചും കല്പനയുണ്ടാകുമെന്നാണ് ഗവൺമെൻറ് ഉറപ്പു നൽകിയത്.

പരീക്ഷാജോലി സംബന്ധിച്ചുള്ള കരിനിയമം റദ്ദാക്കുക തൊട്ടുള്ള മററാവശ്യങ്ങളും ഗവൺമെൻറ് അംഗീകരിച്ചിരുന്നതാണ്. സർവ്വോപരി കോളേജുകളിൽ പഠിപ്പിച്ചുതീർക്കാനുള്ള പാഠ്യഭാഗങ്ങൾ പഠിപ്പിച്ചുതീർക്കുവാൻ അധ്യാപകർ തയ്യാറാവുകയെന്ന അടിസ്ഥാനത്തിൽ പണിമുടക്കിയകാലത്തെ ശമ്പളം അധ്യാപകർക്കുനൽകാനും ധാരണയുണ്ടായിരുന്നു. ഇതു് ഗവൺമെൻറ് ഒപ്പിട്ടുനൽകിയ ഉറപ്പുകളുടെ പട്ടികയിൽ പെടുന്നില്ലെന്നത് വാസ്തവം തന്നെ. എന്നാൽ, ഭരണാധികാരികളും അധ്യാപക നേതാക്കളും ചേർന്നുണ്ടാക്കിയ ''മാന്യൻമാരുടെ കരാറി''ൽ അതുൾപ്പെട്ടിരുന്നു. അങ്ങനെയൊന്നില്ലാത്ത വിധത്തിലല്ല ഗവൺമെൻറ് പണിമുടക്കത്തിനുശേഷം പെരുമാറിയതും. ചില സാങ്കേതിക ആവശ്യങ്ങൾ പറഞ്ഞ് അതു സംബന്ധിച്ച തീരുമാനം നീട്ടിക്കൊണ്ടുപോയെന്നത് വാസ്തവംതന്നെ. പക്ഷേ, യാതൊരു ഘട്ടത്തിലും അങ്ങനെയൊരു മാന്യമായ ധാരണ ഇല്ലായിരുന്നു എന്ന് ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് വാദിക്കുകയുണ്ടായിട്ടില്ല. അധ്യാപകർ ഗവൺമെൻറിനെ വിശ്വസിച്ച് പാഠ്യഭാഗങ്ങൾ പഠിപ്പിച്ചു തീർത്തു. അവർക്ക് 25 ദിവസത്തെ ശമ്പളം നഷ്ടപ്പെടുകയും ചെയ്തു. ഇതിൽ ഒരു ചതിയുണ്ട്. അധ്യാപകർ ഏറെറടുത്ത ജോലി ചെയ്തു; ഗവൺമെൻറ് ഏററതുപൊലെ, ശമ്പളം നൽകാൻ കല്പനയായില്ല.

1981ലെ സമരം സംബന്ധിച്ച ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കാതെയാണ് നായനാർ ഗവൺമെൻറ് പോയത്. പക്ഷേ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പാക്കുമെന്ന് ആ ഗവൺമെൻറ് ആവർത്തിച്ച പറഞ്ഞിട്ടുണ്ട്. നിയമസഭയിൽ അതു സംബന്ധിച്ച് പ്രസ്താവന ചെയ്തിട്ടുണ്ട്. ശമ്പളക്കാര്യത്തിൽ ഗവൺമെൻറ് ചില നടപടികൾ കൈക്കൊണ്ടിരുന്നു. എന്നാൽ, എന്തെങ്കിലും അസന്ദിഗ്ദ്ധമായി തീരുമാനിക്കാനും കല്പനകൾ പുറപ്പെടുവിക്കാനും ആ ഗവൺമെൻറിന് കഴിഞ്ഞില്ലെന്നത് വലിയ ഭാഗ്യക്കേടായിപ്പോയി.

## ഗവർണ്ണറുടെ പ്രഖ്യാപനം

നായനാർ ഗവൺമെൻറിനു പുറകെ വന്ന ആദ്യത്തെ കരുണാകരൻ ഗവൺമെൻറിൻെറ നയം ഗവർണ്ണർ നിയമസഭയിൽ പ്രഖ്യാപിച്ചപ്പോൾ, കോളേജ് അധാപകരുടെ സമരത്തിൻെറ ഒത്തുതിർപ്പിൽപ്പെട്ട രണ്ടാവശ്യങ്ങൾ അതിൽ അംഗീകരിച്ചിരുന്നു. നോൺകേഡർ ഗ്രേഡ് ഒന്ന് പ്രൊഫസ്സർ സ്ഥാനം അനുവദിക്കുകയും, ജൂനിയർ ലക്ചറർ സ്ഥാനം റദ്ദാക്കുകയും ചെയ്യുമെന്നാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞത്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലെ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കും മുമ്പ് ആ ഗവർമെൻറും അധികാരത്തിൽ നിന്നു പോയി

ഇപ്പോഴത്തെ ശ്രീകരുണാകരൻ ഗവർമെൻറ് അധികാരമേററ ശേഷം, കോളേജ് അധ്യാപകരുടെ ആവശ്യങ്ങൾ അനുവദിക്കുമെന്ന് ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ ടി. എം. ജേക്കബ് ആവർത്തിച്ചു പ്രസ്താവിക്കുകയുണ്ടായി. 1981 സമരത്തിൻെറ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കുകയാണ് ഗവൺമെൻറിൻെറ നയമെന്ന് വിദ്യാഭ്യാസമന്ത്രി അധ്യാപക പ്രതിനിധികൾക്ക് ഉറപ്പു നൽകി. ഗവൺമെൻറ് കോളേജ് അധ്യാപക സംഘടനകളുടെയും പ്രൈവററ് കോളേജ് അധ്യാപക സംഘടനകളുടെയും പ്രതിനിധികളെ വെവ്വേറെ, ഔപചാരികമായിത്തന്നെ, വിളിച്ചുകൂട്ടി അദ്ദേഹം പ്രശ്നങ്ങൾ ചർച്ചചെയ്തു. അധ്യാപകരിൽ വലിയ പ്രതീക്ഷകൾ ഉയർത്തുന്നവിധത്തിലുള്ളതായിരുന്നു വിദ്യാഭ്യാസമന്ത്രിയുടെ നടപടികളും പ്രസ്താവനകളും.

## ആവശ്യങ്ങളുടെ പട്ടിക

1982 ജൂൺ 14-ാം തീയതി തിരുവനന്തപുരത്തു ദർബാർ ഹാളിൽ ചേർന്ന പ്രൈവററ്

കോളേജ് അധ്യാപക സംഘടനാപ്രതിനിധിക ളുടെ സമ്മേളനത്തിൽ അധ്യാപക പ്രശ്നങ്ങ ളെപ്പറ്റി വിസ്തരമായ ചർച്ചയുണ്ടായി. അ തിന്റെ മിനിട്ട്സ് ഗവൺമെൻറ്, കോൺഫറ ൻസിൽ സംബന്ധിച്ചവർക്കൊക്കെ അയച്ചു കൊടുത്തിട്ടുണ്ട്.

1) യു. ജി. സി. സ്കെയിൽ / ഗ്രേഡ് ഒന്ന് നോൺകാഡർ പ്രൊഫസർ സ്ഥാനം. (2) ജൂനിയർലക്ചറർ തസ്തിക റദ്ദാക്കൽ 3)പരീക്ഷ സംബന്ധിച്ച നിയമഭേദഗതിറദ്ദാക്കുക, (4) കോർപ്പറേറ്റു മാനേജ്മെൻറു കളുടെ കീഴിലെ അധ്യാപകരുടെ ട്രാൻസ്ഫർ (5) ഇന്റർ മാനേജ്മെൻറ് ട്രാൻസ്ഫർ(6) ജൂനിയർലക്ചറർ സർവ്വീസ് നോൺകാഡർ ഗ്രേഡ് || പ്രൊഫസർ സ്ഥാനത്തിനു പരി ഗണിക്കുന്ന കല്പനയ്ക്ക് 1.7.79 മുതൽ പൂർവ്വകാല പ്രാബല്യം നല്കൽ (7) 60 വയ സ്സിൽപിരിയുന്ന അധ്യാപകർക്കും ഫാമി ലി പെൻഷൻ ഗ്രാറ്റുവിററി ആനുകൂല്യ, അനു വദിക്കൽ(8)1978-ലെ ശമ്പളപരിഷ്കാരത്തിൽ കോളേജധ്യാപകരുടെ കാര്യത്തിലുണ്ടായ തക രാറുകൾ പരിഹരിക്കുക 9) കോളേജധ്യാപകർ ക്ക് ഗവൺമെൻറിലെ പോലെ സ്വന്തം ശമ്പ ളം ട്രഷറിയിൽ നിന്നു എഴുതി വാങ്ങാനുള്ള സൗകര്യം(10) ഏൺഡ് ലീവ് ആനുകൂല്യത്തി ന്റെ കല്പനയിൽ ശനിയാഴ്ച കൂടിമുടക്കു ദിവസമാക്കുന്നകാര്യം (11) കേന്ദ്രീകൃത പ രീക്ഷാ ജോലിക്കുകൂടി ഏൺഡ് ലീവാനു കൂല്യം അനുവദിച്ചു കല്പനയുണ്ടാവൽ (12) 1981 ഫെബ്രുവരിയിലെ പണിമുടക്കു കാലത്തെശമ്പളം കോളേജധ്യാപകർക്കു നൽകൽ (13) എം. ഫിൽ- പി. എച്ച്. ഡി ബിരുദമു ള്ളവർക്ക് പ്രത്യേകമായ അലവൻസ് (14) ഗ്രേഡ് || നോൺകാഡർ പ്രൊഫസർ സ്ഥാനം സ്വീകരിക്കുന്നതു സംബന്ധിച്ച് അർഹതനേടുന്ന അധ്യാപകർക്ക് ഓപ്ഷൻ സൗകര്യം അനുവദിക്കുക (15) സ്ഥിരംതസ് തികകളിലല്ലാതെ നിയമിക്കപ്പെടുന്നവർക്ക് വെക്കേഷൻ ശമ്പളം (16) കൊല്ലം ഡി. ഡി. സി. ഇ. ഓഫീസിലെ പ്രത്യേക പ്രശ്ന ങ്ങൾ (17) നോൺകേഡർ ഗ്രേഡ് | പ്രൊഫ സ്സർ സ്ഥാനത്തിനു വേണ്ട സർവ്വീസ് 18 കൊല്ലമെന്ന് നിശ്ചയിക്കുക (18) ഗവൺ മെൻറിലെന്നപോലെ പ്രൈവററ് കോളേജ ധ്യാപകർക്കും വൈദ്യശുശ്രൂഷാസഹായം (19) അധ്യാപക സംഘടനാ പ്രവർത്തകർക്ക് സ്പെഷ്യൽ കാഷ്വൽ ലീവാനുകൂല്യം. (20) സ്ഥലം മാററപ്പെടുന്ന അധ്യാപകർക്ക് യാത്രാബത്ത (21) തൃശൂരും, തിരുവനന്തപുര ത്തും കോളിജയററ് ഡപ്യൂട്ടി ഡയറക്ടർ ഓ ഫിസ്സുകൾ(22)കേരളാ-കാലിക്കററ് യൂണി വേഴ്സിററികൾ പാസ്സാക്കിയ സ്ററാററ്യൂട്ട് ഭേദഗതികൾക്ക് ഗവൺമെൻറ് അംഗീകാരം (23) ഇൻസർവ്വീസ് കോഴ്സ്കാലം സർവ്വീ സ്സ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതു സംബന്ധിച്ച 22-4-82 ലെ ഗവൺമെൻറ കല്പനയുടെപരിധിയിൽ ഡിപ്ളോമ കോഴ് സുകൾക്ക് ചെലവഴിച്ചകാലം കൂടി ഉൾപ്പെടു ത്തുക (24) പ്രോവിഡൻറ് ഫണ്ടിന്റെ വാർ ഷികകണക്ക് അധ്യാപകർക്ക് അയച്ചുകൊടു ക്കുക (25) യൂണിവേഴ്സിററി നിയമത്തിലെ 57 (6) പരിഛേദത്തിനു നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി എത്രയും വേഗം പാസ്സാക്കുക (26) നോൺകാഡർ പ്രൊമോഷന് രണ്ടു കൊല്ലത്തെ സർവ്വീസ് ബ്രേക്കിനു പുറമേ ഉപരിവിദ്യാഭ്യാസത്തിനു ചെലവഴിച്ച കാലയ ളവുകൂടി കൺഡോൺ ചെയ്യുക (27) ഗവൺ മെൻറ് അനുവദിച്ച ക്ഷാമബത്തക്കുടിശിക കൊടുക്കുക (28) 60വയസ്സുവരെ സർവ്വീ സിൽ തുടരാൻ, 1-4-58 നു മുമ്പുള്ള സർവ്വീ സ് തുടർച്ചയായുള്ളതാണെന്നു നിഷ്കർഷി ക്കേണ്ടതില്ലെന്ന് ഒരു പൊതുകല്പന പുറ പ്പെടുവിക്കുക — എന്നിങ്ങനെയുള്ളകാര്യങ്ങളാ ണ് ആ കോൺഫറൻസിൽ ഉയർന്നു വന്നത്.

ചർച്ച ഉപസംഹരിച്ചുകൊണ്ട് വിദ്യാഭ്യാ സമന്ത്രി,യു ജി.സി. സ്കെയിൽ നടപ്പാക്കാ നുള്ള സാധ്യതയെപ്പററി ഗവൺമെൻറ് പരി ശോധിക്കുമെന്ന് കോൺഫറൻസിന് ഉറപ്പു നൽകി. എന്നാൽ, നോൺകാഡർ | ഗ്രേഡ് പ്രൊഫസർസ്ഥാനം അനുവദിക്കുന്ന കാര്യം അ തുമായി ബന്ധപ്പെടുന്നില്ലെന്ന് അദ്ദേഹം എടുത്തു പറയുകയുണ്ടായി. പരീക്ഷാജോ ലി സംബന്ധിച്ച അധ്യാപകരുടെ രണ്ടു മാസ ത്തെ ശമ്പളം പിടിച്ചെടുക്കുന്ന നിയമഭേദഗ തി പരിശോധിച്ച് ഉടനെ നടപടിയെടുക്കു ന്നതാണെന്നും മന്ത്രി പ്രസ്താവിച്ചു. മന്ത്രി കോൺഫറൻസിൽ തറപ്പിച്ചു പറഞ്ഞ ഒരു കാ

ത്യം പല സംഗതികളെ സംബന്ധിച്ചും പര്യാലോചന നടന്നു കൊണ്ടിരിക്കുകയാണെന്നും എത്രയും വേഗം തീരുമാനമാകുമെന്നും ഉള്ളതാണ്. ഗ്രേഡ് I നോൺകാഡർ പ്രൊഫസ്സർ സ്ഥാനവും ജൂനിയർ ലക്ചറർ സ്ഥാനം റദ്ദാക്കലും അക്കൂട്ടത്തിൽപ്പെടുന്നതായി ബഹു. മന്ത്രി സൂചിപ്പിച്ചിരുന്നു.

14–6–1982 ന്റെ കോൺഫറൻസിന്റെ മിനിട്ട്സ് ഗവൺമെന്റു തന്നെ തയ്യാറാക്കി അയച്ചതാണ്. AKPCTA ജേർണ്ണലിന്റെ ആഗസ്ററ് ലക്കത്തിൽ അത് പൂർണ്ണമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് എടുത്ത് എല്ലാ അധ്യാപക സുഹൃത്തുക്കളും ഒന്നുകൂടി വായിക്കുന്നത് നന്ന്.

ബഹുമാനപ്പെട്ട മന്ത്രി ശ്രീ ജേക്കബ് കോളേജ് അധ്യാപകരുടെ പ്രശ്നങ്ങളെപ്പററി അനേകം പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. മന്ത്രിയുമായി വളരെ അടുപ്പമുള്ള ചില പത്രങ്ങളിൽ വന്ന ''ചോർത്തിയെടുത്ത'' വാർത്തകളുമുണ്ട്. അവയെല്ലാം അധ്യാപക സമുദായത്തെ ആഹ്ളാദിപ്പിക്കുന്നവയായിരുന്നു.

## ഹിന്ദു റിപ്പോർട്ട്

ഏററവും ഒടുവിലത്തെ ഒരു റിപ്പോർട്ടിനെപ്പററി പറയാം: ഒക്ടോബർ 29– ന്റെ ഹിന്ദുപത്രത്തിൽ വന്ന പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു:

'College teachers' demands: The creation of non - cadre first grade proferssor ships and abolition of junior lectuerships in colleges is under the active consideration of the Government, the Education Minister said.

''Organisations of the college teachers have been demanding the implementation of an earlier assurance by the Government'

''Mr Jacob said the government had decided to implement this proposal,and the process was on.''

ബഹുമാനപ്പെട്ട മന്ത്രി ശ്രീ ജേക്കബ് മാത്രമല്ല, ബഹു: റവന്യൂ മന്ത്രി ശ്രീ ജോസഫും ബഹു. ധനകാര്യമന്ത്രി ശ്രീ മാണിയും അധ്യാപകരുടെ ആവശ്യങ്ങൾ അനുവദിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ റവന്യൂമന്ത്രിയായിരിക്കുന്ന ശ്രീ ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരിക്കേയാണ്, ഇതിനു മുമ്പത്തെ ശ്രീ കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത്, നിയമസഭയിലെ ഗവൺമെന്റിന്റെ നയ പ്രഖ്യാപനത്തിൽ (ഗവർണ്ണറുടെ പ്രസംഗം) അധ്യാപകരുടെ ആവശ്യങ്ങൾ അനുവദിക്കുന്നതിന് നിഷ്കൃഷ്ടമായ പ്രസ്താവനയുണ്ടായത്. ഗവൺമെന്റ് ഈ വിഷയത്തിൽ ബദ്ധപ്രതിജ്ഞമാണെന്ന് ശ്രീ ജോസഫ് ആവർത്തിച്ചു പറയുകയുണ്ടായിട്ടുണ്ട്. ധനകാര്യമന്ത്രി ശ്രീ മാണി അധ്യാപകരോട് തനിക്കുള്ള മമതയെപ്പററിയും അവരുടെ ആവശ്യങ്ങൾ അനുവദിക്കുന്നതിൽ തനിക്കുള്ള താല്പര്യത്തെപ്പററിയും അധ്യാപക പ്രതിനിധികളോട് പ്രസ്താവിച്ചിട്ടുള്ളതാണ്.

## തിരുനക്കരത്തന്നെ

ഇതെല്ലാം കഴിഞ്ഞിട്ടാണിപ്പോഴും വഞ്ചി തിരുനക്കര തന്നെയെന്നു വന്നിട്ടുള്ളത്. അധ്യാപകരുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന മന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങളുടെ മുകളിൽ ചേർത്ത പട്ടികയിൽ നിന്ന് അറിയാം (ഗവ തയ്യാറാക്കി അയച്ചമിനുട്ട്സിൽ നിന്നു സംഗ്രഹിച്ചതാണത്). അവയിൽ പണച്ചെലവുള്ളതും പണച്ചെലവില്ലാത്തതുമായ കാര്യങ്ങൾ ഉണ്ട്. യു. ജി. സി. ഗ്രേഡ് ഒന്ന് പ്രൊഫസ്സർ, ജൂനിയർ ലക്ചറർ സ്ഥാനം റദ്ദാക്കൽ തുടങ്ങിയവ പണച്ചെലവുള്ള കാര്യങ്ങളിൽപ്പെടുന്നു. മററു പലതും പക്ഷേ ഒരു പണച്ചെലവും ഇല്ലാത്തതാണ്. ഉദാ: യൂണി. നിയമഭേദഗതി റദ്ദാക്കുന്നകാര്യം; താല്ക്കാലിക തസ്തികയിൽ നിയമിക്കുന്നവർക്ക് സ്ഥിരം തസ്തികയിലും അവകാശം ഉറപ്പിക്കുന്ന കാര്യം. (ആക്ടിലെ 5 7 (6) പരിച്ഛേദത്തിന്റെ ഭേദഗതി.) ചിലകാര്യങ്ങളിൽ പണച്ചെലവ് നാമമാത്രമാണ്. ജൂനിയർ ലക്ചറർ സർവ്വീസ്—നോൺകാ

(ശേഷം 17–ാം പേജിൽ)

# എല്ലാ ജില്ലകളിലും വിജയകരമായ കൺവൻഷനുകൾ

നവംബർ 23 മുതൽ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ ആരംഭിയ്ക്കുന്ന സമര പരിപാടികൾ വിജയിപ്പിയ്ക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ട് എല്ലാ ജില്ലകളിലും 13, 14 തീയതികളിൽ സംയുക്ത കൺവൻഷനുകൾ വിജയകരമായി നടന്നു.

## കോഴിക്കോട്

സംയുക്ത സമരസമിതിയുടെ കോഴിക്കോട് ജില്ലാ കൺവൻഷൻ നവമ്പർ 14 ന് ഗവൺമെൻറ് ആർട്ട്സ് കോളേജിൽ നടന്നു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നായി 70 പേർ കൺവൻഷനിൽ പങ്കെടുത്തു. പ്രൊഫ. ഐ ജി ഭാസ്കരപ്പണിക്കർ (എ കെ. പി. സി. ടി. എ ) പ്രൊഫ. ഇബ്രാഹിം കുട്ടി (എ. കെ. ജി സി ടി ) എന്നിവർ ഇരുസംഘടനകളും നവ:23 മുതൽ സംയുക്തമായി ആരംഭിക്കുന്ന സമരത്തിൻെറ പ്രാധാന്യം വിവരിച്ചു കൊണ്ട് സംസാരിച്ചു

## കണ്ണൂർ

പയ്യന്നൂർ കോളേജിൽ നടന്ന ജില്ലാ കൺവൻഷനിൽ നൂറിലധികം അദ്ധ്യാപകർ പങ്കെടുത്തു. സമരത്തിൻെറ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് എ കെ. പി സി ടി എ പ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരനും, എ കെ, ജി. സി ടി. ജനറൽ സെക്രട്ടറി പ്രൊഫ ടി. വി ബാലനും പ്രസംഗിച്ചു. എ. കെ ജി. സി. ടി സോണൽ പ്രസിഡൻറ് പ്രൊഫ. കെ. എം. ഗോവിന്ദൻ അധ്യക്ഷത വഹിച്ചു. ചർച്ചകളിൽ മുപ്പതിലധികം അദ്ധ്യാപകർ പങ്കെടുത്തു. എ. കെ. പി. സി. ടി. എ ജില്ലാ സെക്രട്ടറി ഇ ദാമോദരൻ കൺവീനറായും എ. കെ. ജി. സി. ടി സോണൽ സെക്രട്ടറി എം. ശ്രീധരൻ ജോ. കൺവീനറായും 20 പേരടങ്ങിയ ജില്ലാ സമരസമിതിയെ യോഗം തെരഞ്ഞെടുത്തു. കൺവൻഷനിൽ പങ്കെടുത്തവർക്ക് ഇ. ദാമോദരൻ സ്വാഗതവും കെ. ഇ എ. പത്മനാഭൻ കൃതജ്ഞതയും പറഞ്ഞു.

## മലപ്പുറം

കൺവൻഷൻ മൗണ്ട് ഓഡിറേറാറിയത്തിൽ പ്രൊഫ. എ എൻ. ശിവരാമൻ നായരുടെ അധ്യക്ഷതയിൽ നടന്നു. 60 – ത് അധ്യാപകർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി ശ്രീ എം. സി. അലി സ്വാഗതമാശംസിച്ചു. പ്രൊഫ. അസീസ് മൗലവി, പാലക്കീഴ് നാരായണൻ പ്രൊഫ. മായു, പ്രൊഫ. ഫരീദ് പ്രൊഫ. ഉതുപ്പ് എന്നിവർ സംസാരിച്ചു.

പ്രൊഫ. രമേശൻ നായർ കൺവീനറും പാലക്കീഴ് നാരായണൻ ജോയിൻറ് കൺവീനറുമായി ജില്ലാ സമരസമിതി രൂപീകരിച്ചു.

## തൃശൂർ

തൃശൂർ ജില്ലാ കൺവൻഷൻ എ. കെ പി. സി. ടി. എ. ജില്ലാ പ്രസിഡൻറ് പ്രൊഫ. എ എം. കൃഷ്ണൻെറ അധ്യക്ഷതയിൽ സെൻറ് തോമസ് കോളേജിൽ നടന്നു. സംയുക്ത സമരസമിതി ചെയർമാൻ പ്രൊഫ. ആർ. ആർ. സി. നായർ, എ കെ. ജി. സി. ടി. പ്രസിഡൻറ് പ്രൊഫ. അബ്ദുൾ റസാക് എന്നിവർ സമരപരിപാടികൾ വിശദീകരിച്ചു കൊണ്ടു സംസാരിച്ചു.

എ കെ പി. സി ടി. എ ജില്ലാ സെക്രട്ടറി ശ്രീ. പി. സി. ജോർജ് കൺവീനറായുള്ള ജില്ലാ സമരസമിതിയെ യോഗം തെരഞ്ഞെടുത്തു. ശ്രീ. പി. പി. ജോർജ് സ്വാഗതവും, ജോണി ജോർജ് നന്ദിയും പറഞ്ഞു.

## പാലക്കാട്

എ. കെ പി. സി. ടി. എ. , എ. കെ ജി. സി. ടി അധ്യാപകസംഘടനകളുടെ സംയുക്ത കൺവൻഷൻ നവമ്പർ 14 ന് പാലക്കാട് വിക്ടോറിയാ കോളേജിൽ കൂടുകയും 1981 ഫെബ്രുവരിയിൽ ഗവൺമെൻറ് നൽകാമെന്നു സമ്മതിച്ചിരുന്ന ആനുകൂല്യങ്ങൾ ഇതുവരെ നടപ്പാക്കാതിരിയ്ക്കുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയു ചെയ്തു. യോഗത്തിൽ പ്രൊഫ. കെ ഒ. രാഘവൻ അദ്ധ്യക്ഷനായിരുന്നു. എ കെ. ജി. സി. ടി. വൈസ് പ്രസിഡൻറ് പ്രൊഫ ജേക്കബ് മാത്യു യോഗം ഉദ്ഘാടനം ചെയ്തു എ കെ. പി. സി. ടി. എ. വൈസ് പ്രസിഡൻറ് പ്രൊഫ. തോളൂർ ശശിധരൻ സംയുക്ത സമരസമിതി ആവിഷ്കരിച്ചിരിക്കുന്ന സമരപരിപാടികൾ വിശദീകരിച്ചു. തുടർന്ന് എ. കെ. പി. സി ടി എ. ജില്ലാ സെക്രട്ടറി പ്രൊഫ. ടി. കെ. ജി. നായർ കൺവീനറും, എ കെ. ജി. സി ടി. യിലെ പ്രൊഫ. കെ. ഒ. രാഘവൻ ജോ. കൺവീനറുമായി 11 പേരടങ്ങുന്ന ഒരു ജില്ലാസമരസമിതി രൂപീകരിക്കുകയു ചെയ്തു ഗവ. വിക്ടോറിയാ കോളേജിലെ പ്രൊഫ. സഹദേവൻ കൃതജ്ഞത രേഖപ്പെടുത്തി.

# പ്രൊഫ. എം. ഡി. പത്മാവതിഅമ്മ സർവ്വീസിൽനിന്നും വിരമിച്ചു



പന്തളം എൻ എസ്സ്. എസ്സ്. കോളേജിലെ കെമിസ്ട്രി പ്രൊഫസറായിരുന്ന പ്രൊഫ. എം. ഡി. പത്മാവതിഅമ്മ, കഴിഞ്ഞ മുപ്പതു വർഷത്തെ പ്രശസ്തമായ സേവനത്തിനു ശേഷം സർവ്വീസിൽ നിന്നും വിരമിച്ചു. കോളേജിലെ എ. കെ. പി. സി. ടി. എ പ്രവർത്തകർ സ്നേഹനിർഭരമായ യാത്രയയപ്പാണ് ടീച്ചർക്ക് നൽകിയത്. ചടങ്ങിൽ സംഘടനയുടെ സംസ്ഥാന പ്രസിഡൻറ്, ജനറൽ സെക്രട്ടറി, കോളേജ് പ്രിൻസിപ്പൽ തുടങ്ങിയവർ സംബന്ധിച്ചു.

സുദീർഘമായ സർവ്വീസിനിടയ്ക്ക് ടീച്ചർ എൻ. എസ്സ്. എസ്സിൻെറ വിവിധ കോളേജുകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അസൗകര്യമായ പല സ്ഥലം മാററങ്ങളും അനുഭവിക്കേണ്ടിവന്നിട്ടും മാനേജുമെൻറിന് പാദസേവചെയ്യാതെ ആത്മാഭിമാനത്തോടെ സംഘടനയിൽ അവർ അടിയുറച്ചു നിന്നിരുന്നു. സംഘടന നടത്തിയിട്ടുള്ള അവകാശ സമരങ്ങളിലൊക്കെ ടീച്ചർ സജീവമായി പങ്കെടുത്തിട്ടുണ്ട്.

വിപുലമായൊരു ശിഷ്യസമ്പത്ത് ടീച്ചർക്കുണ്ട്. പ്രൈവററ് കോളേജ് അധ്യാപകരുടെ സംഘടിതമുന്നേററങ്ങൾക്ക് ശക്തിപകർന്നിട്ടുള്ള പത്മാവതി ടീച്ചറുടെ പ്രവർത്തനങ്ങളെ അധ്യാപകർ എക്കാലവും കൃതജ്ഞതയോടെ സ്മരിക്കും.

---

## ഷൊർണ്ണൂർ കോളേജ്

### ബ്രാഞ്ച് ഉദ്ഘാടനം

ഷൊർണ്ണൂർ എസ്സ്. എൻ. കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ചിൻെറ ഉദ്ഘാടനം നവമ്പർ 16—ാം തീയതി സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ. തോളൂർ ശശിധരൻ നിർവ്വഹിച്ചു. യോഗത്തിൽ പ്രൊഫ. എം. ബാലകൃഷ്ണവാര്യർ അധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി പ്രൊഫ ടി. കെ. ജി. നായർ, ബ്രാഞ്ചിൻെറ പ്രവർത്തനങ്ങൾക്ക് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

യോഗം താഴെ പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

പ്രൊഫ. എം. ബാലകൃഷ്ണവാര്യർ (പ്രസിഡൻറ്)
ശ്രീ. ഡി. നീലകണ്ഠൻ (സെക്രട്ടറി)
സർവ്വശ്രീ. സി. എം. ജോർജ്, കെ. ആർ. ഗിരിജൻ, ഇ. പ്രസന്നൻ, ഇ. കെ. മഹേന്ദ്രൻ (കമ്മററി അംഗങ്ങൾ).

സംഘടന ആരംഭിക്കുന്നസമരപരിപാടികൾ വിജയിപ്പിക്കുവാനും, കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ജേർണൽ വിശേഷാൽപ്പതിപ്പിലേക്ക് പരസ്യങ്ങൾ ശേഖരിക്കുവാനും യോഗം തീരുമാനിച്ചു.

ഉദ്ഘാടനയോഗത്തിൽ പങ്കെടുത്തവർക്ക് ശ്രീ ഇ. പ്രസന്നൻ സ്വാഗതവും ശ്രീ. സി. എം. ജോർജ് കൃതജ്ഞതയും പറഞ്ഞു.

# ഡൽഹി കൺവൻഷൻ

'ഐഫക്ടോ'യുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഏപ്രിൽ 19, 20 തീയതികളിൽ ഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി കാര്യാലയത്തിനു മുമ്പിൽ കോളേജദ്ധ്യാപകരുടെ ധർണയും പാർലമെൻറു മന്ദിരത്തിനുമുമ്പിൽ വമ്പിച്ച പ്രകടനവും നടക്കുകയുണ്ടായി. 17, 18 തീയതികളിൽ ഡൽഹി യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻെറ നേതൃത്വത്തിൽ കോളേജദ്ധ്യാപകരുടെ ദേശീയ കൺവൻഷനും നടന്നു.

കൺവൻഷൻ, ധർണ, പ്രകടനം—ഇവയെക്കുറിച്ച് എ. കെ. പി. സി. ടി. എ. സെക്രട്ടറി പ്രൊഫ. ആർ. രവീന്ദ്രൻ നായർ തയ്യാറാക്കിയ റിപ്പോർട്ടിൻെറ രണ്ടാംഭാഗമാണ് ഇവിടെ കൊടുക്കുന്നത്. ആദ്യഭാഗം കഴിഞ്ഞലക്കത്തിൽ കൊടുത്തിരുന്നു. —പത്രാധിപർ

## കൺവൻഷൻ

ഡൽഹി യൂണിവേഴ്സിററിയിലെ സ്കൂൾ ഓഫ് കറസ്പോണ്ടൻസ് കോഴ്സിൻെറ പ്രിൻസിപ്പൽ പ്രൊഫ രഥർദത്ത് ജീവനക്കാർക്ക് ടൈം സ്കെയിൽ അനുവദിക്കേണ്ടതിൻെറ ആവശ്യകതയും അഭികാമ്യതയും വ്യക്തമാക്കുന്ന കേന്ദ്രഗവൺമൻറിൻെറ മൂന്നാം ശമ്പളപരിഷ്കരണ കമ്മററിയുടെ പ്രസക്ത ഭാഗങ്ങളിലേക്ക് വിളക്കുതെളിക്കുകയും എല്ലാവിഭാഗം കോളേജ് അദ്ധ്യാപകർക്കും ഒരൊററ റണ്ണിംഗ് സ്കെയിൽ അനുവദിക്കണമെന്നു വാദിക്കുകയും ചെയ്തു. ബാങ്ക്-ഇൻഷ്വറൻസ്.ഐ. എ. എസ് ഓഫീസർമാർക്ക് സമാനമായ ശമ്പളസ്കെയിലുകൾ യൂണിവേഴ്സിററി-കോളേജ് അദ്ധ്യാപകർക്ക് അനുവദിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മെറിററ്, സർവീസ് ദൈർഘ്യം എന്നിവയ്ക്ക് പരിഗണന നല്കിവേണം അദ്ധ്യാപകന് പ്രമോഷൻ നല്കേണ്ടതെന്നും, മെറിററിന് അർഹമായ പരിഗണന നല്കുന്നത് അദ്ധ്യാപകർക്ക് അവരുടെ പ്രത്യേക വിഷയങ്ങളിൽ കൂടുതൽ പഠനം നടത്താൻ താല്പര്യം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്നുള്ളചർച്ചയിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള കോളേജ് അദ്ധ്യാപകർ സജീവമായി പങ്കെടുത്തു കേരളത്തിൽ നിലവിലുള്ള ശമ്പളസ്കെയിൽ- അവയിലെ അപാകതകൾ, U G C ശമ്പളനിരക്കുകൾ ഇതുവരേയും അനുവദിക്കാത്ത മാറി മാറിവരുന്ന സർക്കാരുകളുടെ പൊതുനയം, അതിനെതിരെ കോളേജ് അദ്ധ്യാപകർ നടത്തിയ സമരങ്ങളുടെ പശ്ചാത്തലം എന്നിവയെപ്പററി പ്രൊഫ. ടി.കെ ഗോപാലകൃഷ്ണൻ നായർ സംസാരിക്കുകയുണ്ടായി. ഐഫക്ടോ ശുപാർശ ചെയ്തിട്ടുള്ള റണ്ണിംഗ് സ്കെയിൽ

അനുവദിച്ചുകിട്ടുന്നതിനുവേണ്ടി പണിമുടക്കുൾപ്പെടെയുള്ള സമരപരിപാടികളെപ്പററി അടിയന്തിരമായി ആലോചിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

യൂണിവേഴ്സിററി — കോളേജ് ഭരണ പാഠ്യ പദ്ധതി എങ്ങനെ ജനാധിപത്യവൽക്കരിക്കാമെന്നതിനെ അടിസ്ഥാനമാക്കിയുള്ള പ്രബന്ധങ്ങളും ചർച്ചകളും ഉച്ചകഴിഞ്ഞു നടന്ന സെഷനെ കൂടുതൽ സജീവമാക്കി. ദില്ലിയിലെ ദേശബന്ധു കോളേജിലെയും ഗേത് സിംഗ് കോളേജിലെയും അദ്ധ്യാപകരായ ററി. എം. തോമസ്സ്, പി. എം. എസ് ഗ്രേവൽ എന്നിവർ പ്രശ്നത്തിൻെറ വിശദാംശങ്ങളെപ്പററി പഠനാത്മകമായ പ്രബന്ധമാണ് അവതരിപ്പിച്ചത്. പൊതുവിദ്യാഭ്യാസരംഗത്തുള്ള പ്രൈവററു മാനേജ്മെൻറുകളുടെ കുത്തക അവസാനിപ്പിച്ച് പൊതുവിദ്യാഭ്യാസം സർക്കാരിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലാക്കണം. അതേ സമയം യൂണിവേഴ്സിററി—കോളേജ് ഭരണതലത്തിലും പാഠ്യപദ്ധതിയുടെ ക്രമീകരണത്തിലും ജനാധിപത്യപരമായ കാഴ്ചപ്പാട് ഉൾക്കൊള്ളിക്കേണ്ടതാണെന്നും അവർ ആവശ്യപ്പെട്ടു. ഭരണഘടന കനിഞ്ഞു നല്കിയിട്ടുള്ള ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളിൽ നിന്നും പൊതുവിദ്യാഭ്യാസത്തെ ഒഴിവാക്കണമെന്നും ന്യൂനപക്ഷങ്ങൾക്ക് അവരുടേതായ മത- സംസ്കാര- പാരമ്പര്യങ്ങൾ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക അവകാശം മാത്രമേ നല്കാവൂ എന്നുമുള്ള ഐഫക്ടോ നിർദ്ദേശത്തെ അവർ ശക്തിയായി പിന്താങ്ങി. തുടർന്ന് യൂണിവേഴ്സിററി- കോളേജ് ഭരണസമിതികളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നിർണ്ണായക സ്വാധീനം ഉണ്ടാകണമെന്നും, പഴകിയ ചട്ടക്കൂട്ടിൽ നിന്നുവിട്ട് കാലോചിതമായ കാഴ്ചപ്പാട് ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണപരമായ മേൻമയ്ക്ക് അത്യന്താപേക്ഷിതമാണെന്നും അവർ വാദിച്ചു. കൽക്കട്ടയിലെ ചാരുചന്ദ്ര കോളേജിലെ പ്രൊഫ. അനിൽ ബാസ്ക്, ഉസ്മാനിയാ യൂണിവേഴ്സിററിയിലെ ഡോ: എ വി. സത്യനാരായണറാവു എന്നിവരുടെ പ്രബന്ധങ്ങളിൽ അദ്ധ്യാപക— വിദ്യാർത്ഥികൾക്ക് അക്കാദമിക്—നോൺഅക്കാദമിക് കാര്യങ്ങളിൽമതിയായ പ്രാതിനിധ്യം നല്കുന്നതുകൊണ്ടു മാത്രം പൂർണ്ണമായ ജനാധിപത്യവൽക്കരണം നടക്കില്ലെന്നും കാലോചിതമായ മാററങ്ങളിലൂടെ മാത്രമെ ജനാധിപത്യവൽക്കരണം സാദ്ധ്യമാവുകയുള്ളുവെന്നും വ്യക്തമാക്കുകയുണ്ടായി.

തുടർന്നു നടന്ന ചർച്ചയിൽ കേരളത്തിൽ നിന്നും പ്രൊഫ. തോളൂർ ശശിധരൻ, യൂണിവേഴ്സിററി-കോളേജ് ഭരണത്തിലും പാഠ്യപദ്ധതിയിലും അദ്ധ്യാപക—വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിൻെറ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടി. കേരളാ യൂണിവേഴ്സിററിയിലെ സെനററ്, സിൻഡിക്കേററ് അക്കാദമിക്ക് കൗൺസിൽ എന്നിവയുടെ സംവിധാനം വിശദീകരിക്കുകയും യൂണിവേഴ്സിററി സമിതികളിൽ അദ്ധ്യാപക-വിദ്യാർത്ഥി പങ്കാളിത്തമുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ധ്യാപക—വിദ്യാർത്ഥികൾക്ക് നിർണ്ണായകമായ സ്വാധീനം യൂണിവേഴ്സിററി. കോളേജ് ഭരണതലത്തിൽ ഉണ്ടാവണമെന്ന ആശയത്തെ അദ്ദേഹം പിൻതാങ്ങി. കേരളത്തിൽ അതിനുവേണ്ടിയുള്ള പ്രക്ഷോഭസമരങ്ങൾക്ക് അദ്ധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും തയ്യാറായിക്കൊണ്ടിരിക്കുകയാണെന്ന് അറിയിക്കുകയും ചെയ്തു.

## കൂട്ടധർണ

ഏപ്രിൽ 19. പാർലമെൻററ് മന്ദിരത്തിന സമീപമുള്ള ശാസ്ത്രിഭവൻെറ (മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ) വിശാലമായ അങ്കണത്തിൽ ഇൻഡ്യയിലെ എല്ലാ സർവ്വകലാശാലകളിൽ നിന്നും എത്തിയ ആയിരക്കണക്കിന് അദ്ധ്യാപികമാരും അദ്ധ്യാപകരു നിരന്നിരിക്കുന്നു. ശമ്പളം കാലോചിതമായി പരിഷ്ക്കരിച്ച് ഒരൊററ റണ്ണിംഗ് സ്കെയിലിലാക്കുക പൊതുവിദ്യാഭ്യാസ രംഗത്തു നിന്നും പ്രൈവററ് മാനേജ്മെൻറുകളെ നിരോധിക്കുക, സേവനസ്ഥിരത ഉറപ്പുവരുത്തുക, പെൻഷൻ പ്രായം 60 വയസ്സാക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളെഴുതിയ പ്ലക്കാർഡുകളും ബാനറുകളുമാണ് അവരുടെ കയ്യിൽ. കൃത്യം 10

മണിയ്ക്ക് ഐഫക്ടോ പ്രസിഡൻറ് പ്രൊഫ. എം.ജെ. മാണിക്യറാവു ഔപചാരികമായി ധർണ്ണ ഉദ്ഘാടനം ചെയ്തു. ഉണർവും ഉശിരുമുള്ള മുദ്രാവാക്യങ്ങൾ അദ്ധ്യാപകരുടെ കണ്ഠങ്ങളിൽ നിന്നുമുയർന്നു. ഐഫക്ടോ ജനറൽ സെക്രട്ടറി പ്രൊഫ. മൃൺമോയ് ഭട്ടാചാര്യ ധർണയ്ക്ക് ആധാരമായ ഡിമാൻറുകളെപ്പററിയും കേന്ദ്രവിദ്യാഭ്യാസമന്ത്രി, യു. ജി. സി. ചെയർമാൻ എന്നിവരുമായി വിവിധ ഘട്ടങ്ങളിൽ നടത്തിയ ചർച്ചകളെപ്പററിയും വിശദീകരിക്കുകയുണ്ടായി. തുടർന്ന് ഓരോ സംസ്ഥാനത്തുനിന്നെത്തിയ യൂണിവേഴ്സിററി—കോളേജ് അദ്ധ്യാപക സംഘടനകളുടെ ഭാരവാഹികൾ തങ്ങളുടെ സംസ്ഥാനത്തിലെ സംഘടനാപ്രവർത്തനങ്ങൾ, മാനേജർ — സർക്കാർ എന്നിവരോടുള്ള പോരാട്ടങ്ങളുടെ കഥകൾ എന്നിവ വിവരിക്കുകയുണ്ടായി. കേരളത്തിലെ കോളേജ് അദ്ധ്യാപകർക്ക് ആകാശകുസുമമായി നില്ക്കുന്ന U G C ശമ്പള നിരക്കുകൾ നേടിയെടുക്കുന്നതിന് വിവിധഘട്ടങ്ങളിൽ അവർ നടത്തിയ പ്രക്ഷോഭ സമരങ്ങളെപ്പററി പൊതുവായും 1981 ഫെബ്രുവരിയിൽ 26 ദിവസം നീണ്ടുനിന്ന സമരത്തേയും— ഒത്തുതീർപ്പു വ്യവസ്ഥയേയുംപററി പ്രത്യേകിച്ചും പ്രൊഫ. ആർ രവീന്ദ്രൻനായർ സാമാന്യവിവരണം നല്കുകയുണ്ടായി. യു. പി, ഗുജറാത്ത്, ഒറിസ്സാ, ബീഹാർ, മഹാരാഷ്ട്രാ, വെസ്ററ്ബംഗാൾ, ജമ്മു—കാശ്മീർ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ കോളേജ് അദ്ധ്യാപകരുടെ സമരചരിത്രം നിയമാധിഷ്ടിത സേവന ഭദ്രത, പാരിററി, നേരിട്ടു ശമ്പളം എന്നിവയ്ക്കുവേണ്ടി എ. കെ പി. സി. ററി. എ യുടെ കൊടിക്കീഴിൽ കേരളത്തിലെ സ്വകാര്യകോളേജ് അദ്ധ്യാപകർ നടത്തിയ ഐതിഹാസികസമരങ്ങൾക്കു തുല്യമാണ്. അല്ലാ; ഒരു പടി ഉയർന്നതാണ്. അതുകൊണ്ടാണല്ലോ നമുക്ക് മരീചികയായി നില്ക്കുന്ന യു. ജി. സി. ശമ്പളനിരക്കുകൾ നേടിയെടുക്കാൻ അവർക്കു കഴിഞ്ഞത് ? വിവിധ സംസ്ഥാനങ്ങളിലെ കോളേജ് അദ്ധ്യാപകർക്ക് സർക്കാർ— സ്വകാര്യ - യൂണിവേഴ്സിററി ഭേദമെന്യേ അവകാശങ്ങൾ നേടിയെടുക്കുന്നതിന് കൂട്ടായ ഒരു ഐക്യവേദികെട്ടിപ്പടുക്കാൻ കഴിഞ്ഞുവെന്നത് അവരുടെ സംഘടനാപരമായ നേട്ടമാണ്.

"സാക് സാക്
പ്രൈവററ് മാനേജ്മെൻറ്"

★ ★
★

"റിവൈവസ് റിവൈവസ്
ഔവർ പേ സ്കെയിൽ"

★ ★
★

"ഡമോക്രററൈസ്
ഡമോക്രററൈസ്
യൂണിവേഴ്സിററി ആൻറ്
കോളേജ് എഡ്യൂക്കേഷൻ"

ഇൻഡ്യയിലെ കോളേജ് അദ്ധ്യാപകരാകമാനം ഒരു കാര്യത്തിൽ ബോധവാൻമാരാണ്— ഉന്നത വിദ്യാഭ്യാസത്തിൻെറ ഗുണപരമായ മേൻമയ്ക്ക് ലക്ഷ്യബോധമുള്ള ഒരു വിദ്യാഭ്യാസ നയവും പരിപാടിയും ആവശ്യമാണ്. അതു നടപ്പിലാക്കണമെങ്കിൽ പൊതുവിദ്യാഭ്യാസരംഗത്തു നിന്നും പ്രൈവററ് മാനേജ്മെൻറിൻെറ സ്വാധീനം അവസാനിപ്പിക്കുകയും വേണം. സോഷ്യലിസത്തെപ്പററിയും ജനാധിപത്യത്തെ പററിയും ഗീർവാണം മുഴക്കുന്ന ജനാധിപത്യ സർക്കാർ പൊതുവിദ്യാഭ്യാസ രംഗത്ത് നിർണ്ണായക സ്വാധീനം ചെലുത്തുന്നതിനു പകരം കുത്തക മാനേജ്മെൻറുകളെ പരോക്ഷമായി പ്രോൽസാഹിപ്പിക്കുകയാണ്. ഇതിനെതിരെ ജമ്മു-കാശ്മീർ മുതൽ കേരളം വരെയുള്ള കോളേജ് അദ്ധ്യാപകരുടെ കണ്ഠങ്ങളിൽ നിന്ന് മൂർച്ച

യും മുഴക്കവുമുള്ള ഒരു മുദ്രാവാക്യം ഉയർന്നുകഴിഞ്ഞു —"സാക്ക്, സാക്ക് പ്രൈവററ് മാനേജ്മെൻറ്."ഇൻഡ്യയിലെമ്പാടും ആശംഖൊലിയുടെ അലകളുയരാൻ ഇനിയും അധികം സമയം വേണമെന്നുതോന്നുന്നില്ല. സ്വതന്ത്രഭാരതത്തിൻെറ ഭരണഘടന കനിഞ്ഞു നല്കിയിട്ടുള്ള ന്യൂന പക്ഷാവകശാങ്ങളുടെ നിഴൽ പററി വിദ്യാഭ്യാസത്തെ വ്യവസായമാക്കുന്ന പ്രക്രിയയ്ക്ക് തിരശ്ശീല വീഴ്ത്താനുള്ള ജനമുന്നേററത്തിൻെറ ഭാഗമായിരിക്കാം പാർലമെൻറുമന്ദിരത്തിനു മുമ്പിൽ കേട്ട ഈ മുദ്രാവാക്യം.

10 മണിമുതൽ 5 മണിവരെ നീണ്ടുനിന്ന ധർണയെ അഭിസംബോധന ചെയ്തുകൊണ്ട് എം. പി മാരായ പ്രൊഫ. സത്യസദൻ ചക്രവർത്തി, പ്രൊഫ. ഭട്ടാചാര്യ എന്നിവരും വിവിധ സർവീസ് സംഘടനാ നേതാക്കൻമാരും സംസാരിക്കുകയുണ്ടായി. വൈകിട്ട് 6 മണിക്ക് ഐഫാക്ടോയുടെ ദേശീയ എക്സിക്യൂട്ടീവ് യോഗം ചേരുകയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്കുനല്കേണ്ട മെമ്മോറാണ്ഡത്തിൻെറ രൂപ രേഖ തയ്യാറാക്കുകയും ചെയ്തു.

## പാർലമെൻറിലേക്കുള്ള പ്രകടനം

എപ്രിൽ 20ാം തീയതി കൃത്യം 10 മണിയ്ക്ക് കേന്ദ്രവിദ്യാഭ്യാസമന്ത്രി ശ്രീമതി ഷീലാകൗളിന് മെമ്മോറാണ്ഡം നൽകുകയുണ്ടായി. ഒന്നരമണിക്കൂറിലധികം നീണ്ടുനിന്ന ചർച്ചയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാററത്തിൻെറ ആവശ്യകതയെപ്പററി സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ടെന്ന് അവർ അറിയിച്ചു. മേയ്, ജൂൺ മാസങ്ങളിൽ ഐഫക്ടോയുടെ നേതാക്കൻമാരുമായി വിശദമായ ചർച്ചനടത്താമെന്നും എത്രയും വേഗം ശമ്പളപരിഷ്ക്കാരമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് തീരുമാനമുണ്ടാക്കാൻ ശ്രമിക്കാമെന്നും അവർ പറഞ്ഞു. ഇക്കാര്യത്തിൽ പ്രധാനമന്ത്രി, യു ജി. സി. ചെയർമാൻ എന്നിവരുമായി ഒരു വട്ടം ചർച്ചനടത്തിയിട്ടുണ്ടെന്നും അവർ നിവേദക സംഘത്തെ അറിയിച്ചു. കേരളത്തിൽ മാത്രം യു. ജി. സി ശമ്പളനിരക്ക് അനുവദിച്ചിട്ടില്ലെന്ന കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അക്കാര്യത്തിൽ തനിക്കെന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാമെന്ന് പറയുകയുണ്ടായി.

11.30ന് ഇൻഡ്യൻ എക്സ്പ്രസ്സ് മന്ദിരത്തിനു മുമ്പിലുള്ള മൈതാനിയിൽ നിന്ന് കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള കോളേജ്കളിലും യൂണിവേഴ്സിററികളിലും പണിയെടുക്കുന്ന അദ്ധ്യാപകരും വിവിധ ഭാഷകളിലെഴുതിയ പ്ളക്കാർഡുകളും ബാനറുകളുമേന്തി അണിയണിയായി പാർലമെൻറു മന്ദിരത്തിലേക്ക് മാർച്ചു ചെയ്യുകയുണ്ടായി. 5000 ൽ അധികം വരുന്ന കോളേജ് അദ്ധ്യാപകരുടെ ചിട്ടയായ പ്രകടനം, മൂർച്ചയുള്ള മുദ്രാവാക്യം മുഴക്കി സുപ്രീം കോടതിയുടെ മുമ്പിലൂടെ– ബിർലാമന്ദിരത്തിനു മുമ്പിലൂടെ—ഇൻഡ്യാ ഗേററിലൂടെ ചരിത്രപ്രസിദ്ധമായ ബോട്ട്ക്ളബ് മൈതാനിയിൽ എത്തിച്ചേരാൻ മൂന്നുമണിക്കൂർ സമയം എടുക്കുകയുണ്ടായി. ബോട്ട്ക്ളബ്ബ് മൈതാനിയിൽ ചേർന്ന യോഗത്തിൽ എം. പി മാരായ മുൻറയിൽവേ മന്ത്രി പ്രൊഫ. മധുദന്തവതെ, പ്രൊഫ. സത്യസദൻ ചക്രവർത്തി തുടങ്ങിയ നേതാക്കൾ കോളേജ് അദ്ധ്യപകരുടെ വമ്പിച്ച പ്രകടനത്തെ അഭിസംബോധന ചെയ്തു. പാർലമെൻറിൻെറ ഇരുസഭകളിലും കോളേജ് അദ്ധ്യാപകരുടെ ധർണ്ണ; പ്രകടനം എന്നിവയെപ്പററി ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളിലൂടെ ഗവൺമെൻറിൻെറ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നും അവർ അദ്ധ്യാപകരെ അറിയിച്ചു. വൈകിട്ട് '4'ന് സമ്മേളനം അവസാനിക്കുമ്പോൾ വിടപറയാനുള്ള തിരക്കായി. വീണ്ടും കാണാമെന്ന പ്രത്യാശയോടെ കൈ പിടിച്ച് കുലുക്കുമ്പോൾ, വിളിച്ച മുദ്രാവാക്യങ്ങളുടെ പ്രായോഗികപ്രവർത്തനങ്ങളിൽ അടിപതറാതിരിക്കാനുള്ള ആത്മവിശ്വാസം അവരുടെ മുഖങ്ങളിൽ തെളിഞ്ഞുകണ്ടു.

ജേർണൽ വരിക്കാർ വരിസംഖ്യ പുതുക്കാൻ എഴുതുമ്പോൾ ലഡ്ജർ നമ്പർ കാണിച്ചിരിക്കണം

— എഡിററർ

കത്തുകൾ

# നിയമയുദ്ധം വേണം

1981 ഫെബ്രുവരിയിൽ നടത്തിയ കോളജദ്ധ്യാപക സമരം. അതിൽ കോർപ്പറേററു മാനേജുമെൻറ് കോളജുകളിൽ ജോലി ചെയ്യുന്നവരുടെ പ്രധാനപ്പെട്ട ഡിമാണ്ടായിരുന്നു സ്ഥലം മാററങ്ങൾക്ക് മാനദണ്ഡങ്ങൾ വേണമെന്നുള്ളത്. 1981 നും 1982 നും ഇടയിൽ കേരളത്തിലെ പ്രമുഖ കക്ഷികളെല്ലാം തന്നെ ഭരണം കൈയാളി. പല ഡിമാണ്ടുകളെയും ധനാത്മക സമീപനത്തോടെ നോക്കിക്കാണുവാൻ സർക്കാർ ശ്രമങ്ങൾ നടത്തിയിട്ടുമുണ്ട്. എന്നാൽ സ്ഥലം മാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങളുണ്ടാക്കുവാൻ സർക്കാർ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയതായി അറിവില്ല. സമാന്തര സർക്കാരെന്നോണം വിദ്യാഭ്യാസ വ്യവസായികൾ വളർന്നിട്ടുണ്ടെന്നു ധരിക്കുന്നതിൽ അപാകതയില്ല തന്നെ

മാനദണ്ഡങ്ങൾക്കു വേണ്ടി മുറവിളിയുയർത്തിക്കൊണ്ട് സെക്രട്ടറിയേററ് പടിക്കൽ ഇതിനോടകം രണ്ടു തവണയായി ധർണകൾ നടത്തി. 1982 ആദ്യം എൻ എസ് എസ് – എസ്. എൻ. മാനേജുമെൻറുകളുടെ ഹെഡ്ഡ് ആഫീസുകൾക്ക് മുന്നിൽ സമാധാനപരമായ ധർണാസമരം സംഘടിപ്പിച്ചു ചങ്ങനാശ്ശേരി പെരുന്നക്കോട്ടയിലെ കോക്കസിൻെറ കണ്ണു തുറപ്പിക്കുവാനും കാതുകൾ തുറപ്പിക്കുവാനും പ്രകോപനരഹിതമായി ധർണ നടത്തിയ അദ്ധ്യാപകരെ പെരുവഴിയിലിട്ടു മർദ്ദിച്ചവശരാക്കിയ സംഭവം വിസ്മരിക്കുവാൻ കാലമായിട്ടില്ല. ഹീനവും നിന്ദ്യവുമായ ഈദൃശ പ്രവർത്തികൾക്ക് കൂട്ടുനിന്നുകൊണ്ട്, സമാധാന പ്രിയരും ചൂഷിതരുമായ അദ്ധ്യാപകരെ പോലീസ് ഒന്നടങ്കം അറസ്ററു ചെയ്ത സംഭവം ഇന്നും മനസ്സുകളിൽ മായാതെ നിൽക്കുന്നു.

പിക്കററിംഗ് തുടങ്ങിയ ത്യാഗപൂർണ്ണവും, തീവ്രപ്രചുരിതവുമായ സമരപരിപാടികൾക്ക് എ. കെ. പി. സി. ടി. എ രൂപം കൊടുത്തുവരുന്നതായി അറിയുന്നു. വ്യവസ്ഥാപിത സമര മാർഗ്ഗങ്ങളിൽക്കൂടി നീതിക്കായ് കേഴുന്നത് സ്വാഭാവികം മാത്രം. പക്ഷെ ഇത്തരുണത്തിൽ മറെറാരു സമരമുഖത്തിൻെറ സാംഗത്യം കൂടി പരിശോധിക്കേണ്ടിയിരിക്കുന്നു 'നീതിക്കുവേണ്ടി നിയമയുദ്ധം' എന്ന ആശയത്തിൻെറ പ്രസക്തി ഇന്നേറിയിട്ടുണ്ട്. എഴുപതുകളുടെ അപരാഹ്നത്തിലും, എൺപതുകളുടെ ആരംഭത്തിലും ഈ രാജ്യത്തെ നീതിന്യായ കോടതികൾ നൽകിയിട്ടുള്ള ചില വിധികൾ പഠനാർഹങ്ങളാണ്. പ്രഥമദൃഷ്ട്യാ കഴമ്പില്ലാത്തതെന്നും അപഹാസ്യമെന്നും തോന്നുന്ന പല വ്യവഹാരങ്ങളും വിപ്ലവാത്മകമായ വിധികൾ നേടിക്കൊണ്ട് പുതിയ ചിന്താധാരകൾക്കു തന്നെ വേദി തുറന്നിരിക്കുകയാണ്. ഈയടുത്ത കാലത്ത് വന്ന പല വിധികളും നിയമപാണ്ഡിത്യമില്ലാത്തവരെപ്പോലും ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്.

മെഡിക്കൽ കോളേജ് പ്രവേശനത്തിൽ അഴിമതിയുണ്ടെന്ന് ആരോപിച്ചു കൊണ്ട് ശ്രീ ആൻഡ്രൂ നടത്തിയ കേസ് എന്തുമാത്രം പൊതുജനശ്രദ്ധയാകർഷിച്ചു ! മെഡിക്കൽ കോളേജ് പ്രവേശനം ഇന്ന് എന്തെന്തു മാററങ്ങൾക്ക് വിധേയമായിരിക്കുന്നുവെന്നും നമുക്കറിയാം. യൂണിവേഴ്സിററി പരീക്ഷകളെ കുറിച്ചുള്ള പല കൊള്ളരുതായ്മകളും ഇന്നു വെളിച്ചത്ത് വന്നിരിക്കുന്നു. വ്യാജമാർക്കലിസ്ററുകളുടേയും, ബിരുദങ്ങളുടേയും കഥകൾ എത്രയാണ് പുറത്തു വന്നത്? അതുപോലെ തന്നെ അഡ്വ. വിൻസൻറ് പാനിക്കുളങ്ങരയുടെ രസാവഹങ്ങളായ കേസുകൾ !! ഈയടുത്ത കാലത്തു വന്ന അന്തർ സർവ്വകലാശാല സ്ഥലംമാററത്തെ കുറിച്ചുള്ള പ്രതികൂലമായ വിധിയിൽ പോലും ചില രജതരേഖകൾ ഇല്ലാതില്ല.

ഭരണപരമായ സൗകര്യങ്ങൾ മുൻനിർത്തി ഉദ്യോഗദായകന് സ്ഥലം മാററം വരുത്തുവാൻ അവകാശവും, അധികാരവും ഉണ്ടായിരിക്കാം. അപ്രകാരം ന്യായമായി നടത്തുന്ന സ്ഥലം മാററങ്ങൾക്ക് ചില തത്വങ്ങളുണ്ടാ

വണം ;യാത്രപ്പടിയും നൽകണം. എന്നാൽ ചേർത്തലക്കാരനെ ചേർത്തല നിന്നും കണ്ണൂരിനും, കണ്ണൂർക്കാരനെ കണ്ണൂരിൽ നിന്നും ചേർത്തലക്കും മാറുന്ന രീതിയിൽ ഭരണപരമായ സൗകര്യം എന്തെന്നു മനസ്സിലാവില്ല. അതിന് യാത്രപ്പടിയും നൽകാറില്ല. അദ്ധ്യയന വർഷത്തിൽ ഉടനീളം ഏതു സമയവും തത്വദീക്ഷയില്ലാതെ വൈരനിര്യാതന ബുദ്ധിയോടെ നടത്തുന്ന മാററങ്ങൾ അനവധിയാണ്. അങ്ങനെ പീഡിതരാകുന്ന അദ്ധ്യാപകർക്ക് തന്റെ സ്ഥാപനത്തോടോ വിദ്യാർത്ഥികളോടോ അദ്ധ്യാപനത്തോടോ നീതി പുലർത്താനാകുമോ? കൂറു പുലർത്താനാകുമോ? കുടുംബഭദ്രത നശിച്ച അധ്യാപർ, രോഗഗ്രസ്തരായ അദ്ധ്യാപകർ, നിരാശയുടെ അഗാധഗർത്തത്തിലായ അദ്ധ്യാപകർ—ഇവർക്ക് സമൂഹത്തെ രൂപപ്പെടുത്തേണ്ട ഉന്നതവിദ്യാഭ്യാസത്തിന് എന്തു നൽകാൻ കഴിയും? അത്തരം അദ്ധ്യാപകരിൽ നിന്നു, ആരോഗ്യപരമായ അദ്ധ്യാപനം പ്രതീക്ഷിക്കുക വയ്യ. അപ്പോൾ തത്വദീക്ഷയില്ലാത്ത സ്ഥലം മാററം വെറും മാനുഷികപ്രശ്നം മാത്രമല്ല; സാമൂഹികപ്രശ്നം കൂടിയാണ് സൗകര്യപ്രദമായ സ്ഥലം മാററത്തിനു പുറം വാതിലിൽ കൂടി ശ്രമിച്ച ചില അദ്ധ്യാപകരിൽ നിന്നും മൂവായിരം മുതൽ അയ്യായിരം രൂപ വരെ കോഴ വാങ്ങിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രകടമായ അലങ്കോലങ്ങൾ സൃഷ്ടിക്കുന്ന മാനേജ്മെൻറുകളെ സാമൂഹ്യ വിരുദ്ധൻമാരായി കാണുവാനും, അവർക്കു മൂക്കുകയറിടുവാനും ഈ രാജ്യത്തെ കോടതികൾക്കു കഴിയുമെന്നു വേണം ധരിക്കാൻ.

പൊതു ഖജനാവിൽ നിന്നു ശമ്പളം പററുന്ന സ്വകാര്യ കോളേജദ്ധ്യാപകരുടെ സേവനം പൊതുവേ സമൂഹത്തിനു ഗുണകരമായി ഭവിക്കുന്നില്ലെങ്കിൽ അതിന്റെ ഗൗരവം ആലോചിക്കാവുന്നതേയുള്ളു.

സമരപരിപാടികളുടെ ഭാഗമായി നിയമയുദ്ധവും ഉൾപ്പെടുത്തേണ്ടിരിക്കുന്നു. ഇതിൽ വിദഗ്ധരായ നിയമപണ്ഡിതൻമാരുടെ സഹായം തേടുന്നത് ഉചിതമായിരിക്കും. ഈ ദിശയിൽ കാര്യങ്ങൾ നീങ്ങുന്ന പക്ഷം വിദ്യാഭ്യാസരംഗത്തെ കത്തകക്കാരെ നിലയ്ക്ക നിർത്തുവാനും ഒതുക്കി നിറുത്തുവാനും പര്യാപ്തമായ വിധികൾ ന്യായാസനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ അപാകതയില്ല.

—കുട്ടാമ്പരൂർ മധുസൂദനൻ

## നിയമലംഘനത്തിന് യൂണിവേഴ്സിററി കൂട്ടാവുകയോ

പ്രൈവററ് കോളേജുകളെ സംബന്ധിച്ച ഗവേണിംഗ് ബോഡി / മാനേജിംഗ് കൗൺസിൽ വ്യവസ്ഥ യൂണിവേഴ്സിററി ആക്ടിലുള്ളതാണ്. ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടത് യൂണിവേഴ്സിററി ഭരണ മേലധ്യക്ഷന്റെയും സിൻഡിക്കേററിന്റെയും ജോലിയാണ്. ഗവേണിംഗ് ബോഡി/ മാനേജിംഗ് കൗൺസിൽ വ്യവസ്ഥ റദ്ദു ചെയ്തു കിട്ടാൻ ചില മാനേജുമെൻറുകൾ കോടതിയിൽ പോയി. മാനേജുമെൻറുകൾ ചോദ്യം ചെയ്ത ചില വ്യവസ്ഥകൾ കോടതി റദ്ദാക്കി. എന്നാൽ, ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ വ്യവസ്ഥ സാധുവാണെന്ന് കോടതി വിധിക്കുകയുണ്ടായി. അങ്ങനെ കോടതിയുടെ സമ്മതി ലഭിച്ച വ്യവസ്ഥ ചില കോളേജുകൾ അനുസരിക്കാൻ തയ്യാറില്ല. പുതിയ കോളേജും കോഴ്സുകളും കിട്ടിയില്ലെങ്കിലു വേണ്ടില്ല ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിലുകൾ വ്യവസ്ഥനടപ്പിലാക്കില്ലെന്നായിരുന്നു ആവക മാനേജുമെൻറുകളുടെ ശാഠ്യം. എൻ. എസ്സ്/എസ്സ്. മാനേജുമെൻറാണ് ഇതിൽ ഏററവും വലിയ ശാഠ്യം കാണിച്ചിട്ടുള്ളത്. ഒരു വക ഫ്യൂഡലിസ്ററ് ഏകാധിപത്യ മനഃസ്ഥിതി ആ പ്രസ്ഥാനത്തിന്റെ കൂടെപ്പിറപ്പാണല്ലോ. എന്നാൽ, ഇപ്പോൾ, വേലിതന്നെ വിളവുതിന്നുന്ന രീതിയിൽ യൂണിവേഴ്സിററി സിൻഡിക്കേററു തന്നെ ഭൂരിപക്ഷമനുസരിച്ച്, ആക്ടിലെ വ്യവസ്ഥകൾ പാലിക്കുക അനുപേക്ഷണീയമല്ലെന്ന് തീരുമാനിച്ചിരിക്കുന്നു. ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ വേണമെന്ന് സിൻഡിക്കേററും യൂണിവേഴ്സിററിയും നിഷ്കർഷിച്ചിട്ട് അതൊക്കെയുണ്ടാക്കിയവർ കോമാളികളായി. തങ്ങൾതന്നെ മുമ്പ് ഉയർത്തിപ്പിടിച്ച തത്വത്തെ ഇപ്പോൾ തള്ളിപ്പറയാൻ സിൻഡിക്കേററിലെ ഭൂരിപക്ഷത്തിന് എന്തായിരുന്നു പ്രേരണ? അവസരവാദപരമായ കുട്ടിക്കരണം മറിച്ചിലല്ലാതെ മററെന്തെങ്കിലുമാണോ അത്?

—എൻ. കെ. ജോസഫ്
കോഴിക്കോട്.

8-ാം പേജിന്റെ തുടർച്ച

ഡർ പ്രമോഷന് പരിഗണിക്കുന്ന കല്പന യ്ക്ക് 1–7–79 മുതൽ പൂർവ്വകാല പ്രാബല്യം നൽകൽ പോലുള്ളവ. ഗവൺമെന്റ്പണച്ചെലവുള്ളതിലും പണച്ചെലവില്ലാത്തതിലും ഒരുപോലെ നിഷ്പന്ദമായിരിക്കുന്നു എന്നുള്ളതാണ് അധ്യാപകരെ അസ്വസ്ഥരാക്കുന്നത്.

കോളേജധ്യാപകരുടെ സംഗതിയിൽ കഴിഞ്ഞ അനവധി കൊല്ലമായിട്ട് ഗവൺമെന്റ് അനുകൂലമായ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. 1976 ൽ പെൻഷൻ സ്ററാററ്യൂട്ട് പുറപ്പെടുവിച്ചതാണ്, കേരള ഗവൺമെന്റ് കോളേജ് അധ്യാപകർക്ക് ഏററവും ഒടുവിലായി നൽകിയ സാരമായ ഒരാനുകൂല്യം.

കോളേജധ്യാപകരുടെരണ്ടാവശ്യങ്ങൾ ഗ്രേഡ് 1 നോൺകാഡർ തസ്തികയും ജൂനിയർ ലക്ചറർ സ്ഥാനം റദ്ദാക്കലും, യു.ജി. സി സ്കെയിൽ നടപ്പിലാക്കാത്തതിന് പകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങളാണ്. ഇതിൽ ആദ്യത്തേത് ഒരു പുതുമയല്ല. സ്കൂളിലെ അധ്യാപകർ എത്ര കാലമായി അനുഭവിച്ചു പോരുന്ന ഒരു ആനുകൂല്യമാണത്. പ്രൈമറി സ്കൂൾ അധ്യാപകന് 13 കൊല്ലത്തിന് രണ്ടാം ഗ്രേഡും 23 കൊല്ലത്തിന് ഒന്നാം ഗ്രേഡും കിട്ടുന്നു. ഹൈസ്കൂളിൽ 10 കൊല്ലത്തിന് രണ്ടാം ഗ്രേഡും 20 കൊല്ലത്തിന് ഒന്നാം ഗ്രേഡും കിട്ടുന്നു. യൂണിവേഴ്സിററിയിലാണെങ്കിൽ, ലക്ചറർ 9 കൊല്ലം കൊണ്ടു റീഡറാകുന്നു; റീഡർ 7 കൊല്ലം കൊണ്ട് പ്രൊഫസ്സറാകുന്നു. മേൽപറഞ്ഞ 9ഉം 7ഉം യഥാക്രമം 8- ഉം 6ഉം ആക്കാൻ ഇൻറർ യൂണിവേഴ്സിററി കൺസൾട്ടേററീവ് സമിതി തീരുമാനിച്ചു കഴിഞ്ഞു. അധ്യാപകേതര തസ്തികകളിലെ പ്രൊമോഷനുകളെപററി പറയുന്നില്ല. അവിടെ ആളെണ്ണി ആണ് പ്രൊമോഷൻ. ഒരു കാഡറിൽ 4 ആളൊത്താൽ ഒരു പ്രൊമോഷൻ! അങ്ങനെ, പ്രൊമോഷൻ തസ്തികകൾ ഗസററഡ്–നോൺഗസററഡ് ഓഫീസർമാരുടെ മേഖലയിൽ എത്ര സൃഷ്ടിക്കപ്പെടുന്നു.

## തണ്ടുവലി ശിക്ഷ

കോളേജ്അധ്യാപകർക്ക് ഈവക ആനുകൂല്യങ്ങളൊന്നുമില്ല—ജൂനിയർലക്ചറർ തസ്തിക ഏതോ കുബുദ്ധികൾ കോളേജധ്യാപകർക്കു നല്കിയ രണ്ടുകൊല്ലത്തെ 'തണ്ടുവലിശിക്ഷ'യാണ്. മുമ്പില്ലാതിരുന്നത്; ഉണ്ടായിട്ടാവശ്യമില്ലാത്തത്. കോളേജ് കച്ചവടക്കാർക്ക് കുറഞ്ഞ ചിലവിൽ അധ്യപകരെ കിട്ടാൻ ഡയറക്ട്പേമെൻറിനു മുമ്പുള്ളകാലത്ത് യൂണിവേഴ്സിററിയും ഗവൺമെൻറും അനുവദിച്ച ആനുകൂല്യമാണ്.

അധ്യാപകർ പ്രക്ഷോഭണമാർഗ്ഗത്തിലേക്ക് വീണ്ടും പ്രവേശിക്കേണ്ടിവന്നിരിക്കുന്നത് മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ്. 1971 ൽ ഡയറക്ട് പേമെൻറ് സമരത്തിന് ശേഷം 1981 ൽ ആണ് കോളേജധ്യാപകർ ഒരു പണിമുടക്കിയുള്ള സമരത്തിനിറങ്ങിയത്. ക്ഷമാശീലരല്ല അധ്യാപകർ എന്ന് ജനശത്രുക്കൾക്കുപോലും അവരെപ്പെററിപറയാനാവില്ല. 1981 ലെ സമരഫലമായുണ്ടായ ഉറപ്പുകൾ നടപ്പിൽവന്നില്ല. ഇപ്പോൾ അധ്യാപകർ പ്രക്ഷോഭണത്തിനിറങ്ങിയാൽ അതിനു ആരാണ് ഉത്തരവാദി?

## ക്ഷമ പരീക്ഷിക്കരുത്

കേരളത്തിലെ പ്രൈവററ് കോളേജിലെയും ഗവൺമെൻറു കോളേജിലെയും അധ്യാപകർ സംയുക്ത കൺവെൻഷൻ, റിലേ നിരാഹാരവ്രതം, സെക്രട്ടേറിയററ് പിക്കററിംഗ്, പണിമുടക്ക് എന്നിങ്ങനെ 4 ഘട്ടങ്ങളുള്ള ഒരു പ്രക്ഷോഭണ പദ്ധതിഅംഗീകരിച്ചിട്ടുള്ളത് മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ്. ഗവൺമെൻറ് ഇനിയും അധ്യാപകരുടെ ക്ഷമ പരീക്ഷിക്കരുത്. ഉപരിവിദ്യാഭ്യാസ മണ്ഡലമാകെ കലങ്ങിമറിയാൻവഴിവയ്ക്കരുത്. അങ്ങനെയുണ്ടായാൽ, അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഗവൺമെൻറിനാണ്.

---

## ജേർണൽ വില

ഒററപ്രതി 1 രൂപ
വാർഷികവരിസംഖ്യ 10 രൂപ

Address :
Vasantham
Kesavadasapuram
Trivandrum - 4

---

# എ.കെ.പി.സി.ടി. വെൽഫെയർ ട്രസ്റ്റ്

വെൽഫെയർട്രസ്റ്റു പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ പ്രവർത്തകസമിതി എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. ജോലിയിലിരിക്കെ അന്തരിച്ച താഴെപ്പറയുന്ന അധ്യാപകരുടെ കുടുംബങ്ങൾക്കാണ് പതിനായിരം രൂപ വീതമുള്ള ധനസഹായം ട്രസ്റ്റിൽ നിന്നും ഇതുവരെ നല്കിയിട്ടുള്ളത്.

1) സി. കെ. രാഘവൻ പിള്ള
2) തോമസ് കുളക്കട
3) സുലേഖ
4) എൻ. വാസുപിള്ള
5) എം. എൻ. പോററി
6) ആർ. സതി.

ഇനിയും ട്രസ്റ്റിൽനിന്നും തുകകൊടുത്തു തീർക്കാനുള്ളത് താഴെ പറയുന്നവരുടെ കുടുംബങ്ങൾക്കാണ്.

1. എസ്. ഗോപാലകൃഷ്ണ പിള്ള
   ഡി ബി കോളേജ്, തലയോലപ്പറമ്പ്
2. കെ. ബാലചന്ദ്രൻ
   സെൻറ് തോമസ് കോളേജ്
   കോഴഞ്ചേരി
3. കേരളവർമ്മ തമ്പാൻ
   മലബാർ ക്രിസ്ത്യൻ കോളേജ്
   കോഴിക്കോട്
4. പി. സി. ഡാനിയേൽ
   സെൻറ് തോമസ് കോളേജ്
   കോഴഞ്ചേരി
5. കെ. വാസുദേവൻ നമ്പൂതിരി
   ശ്രീകൃഷ്ണാകോളേജ്, ഗുരുവായൂർ
6. പി. ജി. സുഭദ്രാമ്മ,
   എൻ.എസ്. എസ്. വനിതാകോളേജ്
   കരമന
7. ജയരാജൻ
   എസ്. എൻ. കോളേജ്, ചെമ്പഴന്തി
8. എം. എം. ഡേവിസ്
   ക്രൈസ്ററ കോളേജ്, ഇരിങ്ങാലക്കുട
9. പി. കെ. മാത്യു
   ക്രൈസ്ററ് കോളേജ് ഇരിങ്ങാലക്കുട
10. സുകുമാരൻ നായർ
   എം. ജി. കോളേജ് തിരുവനന്തപുരം
11. കെ. എസ്. സീതാരാമൻ
   സെൻറ് തോമസ് കോളേജ്, തൃശൂർ
12. ടി. എം. ദേവസ്യ
   എസ്. എൻ. ജി കോളേജ് ചേളന്നൂർ
   കോഴിക്കോട്
13. വി. ലോകനാഥ്
   എൻ. എസ്. എസ്. കോളേജ്
   നിലമേൽ
14. കെ. ഗോവിന്ദൻ നായർ
   എം. ജി. കോളേജ് തിരുവനന്തപുരം
15. വാസുണ്ണി നായർ
   ശ്രീകൃഷ്ണാകോളജ് ഗുരുവായൂർ

# മുണ്ടശ്ശേരി സ്മാരക നിധിയിലേയ്ക്ക് സംഭാവന ചെയ്യുക

മുണ്ടശ്ശേരി സ്മാരക നിർമ്മാണ നിധിയിലേയ്ക്ക് 5000 രൂപായിൽ കുറയാത്ത തുക സംഭാവന ചെയ്യുന്നമെന്ന് സംസ്ഥാന കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധമായി വൈസ് പ്രസിഡൻറ് അയച്ചുതന്നിട്ടുള്ള പ്രസ്താവനയും കൂപ്പണും ബ്രാഞ്ചുകളിൽ കിട്ടിയിരിക്കുമല്ലോ ?

## എത്രയുംവേഗം

പ്രൊഫ. തോളൂർ ശശിധരൻ, വൈസ് പ്രസിഡൻറ്, എ.കെ.പി.സി.ടി. എ. എസ്.എൻ കോളേജ്, നാട്ടിക എന്ന വിലാസത്തിൽ തുക എത്തിക്കുക

# വാർത്തകൾ

## കൊച്ചിൻ മേയർ പ്രൊഫ. മാത്യുപൈലിയ്ക്ക് സ്വീകരണം

കൊച്ചിൻ മേയറായി തെരഞ്ഞെടുക്കപ്പെട്ട സെൻറ് ആൽബർട്സ് കോളേജ് അധ്യാപകനും എ. കെ. പി. സി. ടി. എ. യുടെ സജീവ പ്രവർത്തകനുമായ പ്രൊഫ. മാത്യുപൈലിയ്ക്ക് കോളേജിൽ ഹൃദ്യമായ സ്വീകരണം നൽകി. സംഘടനയുടെ സെൻറ് ആൽബർട്സ് കോളേജ് ബ്രാഞ്ച് സംഘടിപ്പിച്ച സ്വീകരണയോഗത്തിൽ ജില്ലാ പ്രസിഡൻറ് പ്രൊഫ പി. ജെ. മാത്യു അധ്യക്ഷത വഹിച്ചു. മേയറെ അഭിനന്ദിച്ചുകൊണ്ട് കോളേജ് പ്രിൻസിപ്പൽ, ജില്ലാസെക്രട്ടറി ശ്രീ. കെ കെ രാമകൃഷ്ണൻ, തുടങ്ങിയവർ സംസാരിച്ചു. പ്രൊഫ. ജെ. ടി. ആമ്പല്ലൂർ സ്വാഗതവും ബ്രാഞ്ച് സെക്രട്ടറി ശ്രീ എം. എം. ജോൺ കൃതജ്ഞതയും പറഞ്ഞു.

## പ്രൊഫ. ആർ. പി. മേനോന് യാത്രഅയപ്പ്

മമ്പാട് എം ഇ എസ്. കോളേജിൽനിന്നും അസ്മാബി കോളേജിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. ആർ. പി. മേനോന് സംഘടനാപ്രവർത്തകർ സമുചിതമായ യാത്ര അയപ്പു നല്കി. പ്രൊഫ. ടി. അപ്പുക്കുട്ടൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. പ്രൊഫ ടി. കെ. ഹാഷിം, പ്രൊഫ. ടി. അബ്ദുല അസീസ് ശ്രീ. എം. പി. റയീസ് മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു. പുതിയ പ്രസിഡൻറായി ശ്രീ. എം. പി. സേതുമാധവനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

## എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ വിജയിച്ചു

### പന്തളം

പന്തളം എൻ എസ്. എസ്. കോളേജ് കൗൺസിലിലേയ്ക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. യുടെ എല്ലാ സ്ഥാനാർത്ഥികളും വിജയിച്ചു. പ്രൊഫ. കെ. ഭാസ്കരക്കുറുപ്പ്, പ്രൊഫ. പി. എൻ ഗോപാലൻ നമ്പൂതിരി, പ്രൊഫ. ഡി. ജി കെ. മോഹൻ, പ്രൊഫ. സോമശേഖരൻ പിള്ള ശ്രീ. കെ. ജി. സോമൻ നായർ എന്നിവരാണ് വിജയിച്ചത്.

### ഒററപ്പാലം

ഒററപ്പാലം എൻ എസ് എസ്. കോളേജിലും എ കെ. പി. സി. ടി. എ സ്ഥാനാർത്ഥികൾ വൻവിജയം നേടി ശ്രീ വി എൻ മുരളി ശ്രീ. എം. ജി. ഗോപാലകൃഷ്ണൻ നായർ, ശ്രീ എസ്. സോമൻ പിള്ള എന്നിവരായിരുന്നു സംഘടനയുടെ സ്ഥാനാർത്ഥികൾ. മാനേജരുടെ പോററു സംഘടനയ്ക്ക് ലഭിച്ചതിനെക്കാൾ ഇരട്ടിയിലധികം വോട്ടുകൾ എ കെ. പി. സി. ടി. എ. യ്ക്ക്ലഭിക്കുകയുണ്ടായി.

### മാർ അത്തനേഷ്യസ് കോളേജ്

കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് കൗൺസിലിലേയ്ക്ക് അധ്യാപക പ്രതിനിധികളായി എ കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. കെ. സി. പൗലോസ്, ശ്രീ പി. വി. തോമസ്കുട്ടി എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

## പ്രൊഫ. ചന്ദ്രശേഖരക്കുറുപ്പിന് ഡോക്ടറേററ്

എം. ജി. കോളേജ് സുവോളജി അധ്യാപകനും എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനുമായ പ്രൊഫ. എൻ. ചന്ദ്രശേഖരക്കുറുപ്പിന് കേരള യൂണിവേർസിററി ഡോക്ടറേററ് ബിരുദം നല്കി.

---

*All Correspondence regarding the journal should be addressed to :*

*VASANTHAM*
*Kesavadasapuram*
*Trivandrum-4*

## യൂണിവേഴ്സിററി തീരുമാനം

**Extract from the Minutes of the Special Meeting of the Standing Committee of the Syndicate on Teaching and Non–Teaching Staff of Private Colleges held on 12–11–'82 as approved by the Meeting of the Syndicate held on 16-11-1982.**

*Item (4) - Inter - University transfer of teachers - implementation of Section 64 of the University Act of 1974-regarding.*

*The Committee recommended that the Government be requested to give effect to Section 64 of the University Act of 1974 without any further delay*

---

## ജൂനിയർ ലക്ചറേഴ്സിന്റെ അവധിക്കാല ശമ്പളം

From
Prof T Gopalakrishnan
Member of the Syndicate
University of Kerala

To
The Director of
Collegiate Education
Vikas Bhavan
Trivandrum

Sub : Eligibility of Jr Lecturers appointed against Temporary Vacancies (the duration of which exceeds 8 months) for the first vacation - Salary - Regarding.

Ref : 1) AKPCTA Letter dt. 24–2–1982 addressed to the D.C E.
2) AKPCTA Letter written in respect to your Office Letter No. Estt DI 10226/81/LDis. dt. 28-1-82.
3) Minutes of the conference convened by the D.C.E. on 29-7-82.

Madam,

Your kind attention is drawn to the AKPCTA Letters referred to above and the Minutes of the conference of the representatives of the Associations of Private College Teachers convened by you on 29-7-'82 with a view to discussing the items mentioned in our letter 2nd cited. Regarding the eligibility of Jr. Lecturers appointed against temporary vacancies the duration of which exceeds 8 months for the first vacation salary it was explained to us on 29·7 '82 that a decision on the item had already been taken in the conference of the Dy. D C. Es. held in May, 1982. The decision, as announced by you was that the first vacation salary would be disbursed to the teachers concerned who completed their period of probation, i e . after completing 12 months service This decision however, has not yet been communicated to the Association which represented the matter to you for consideration and decision Also, the College Officer are not preferring the vacation salary claims in respect of the teachers who have completed their period of probation. as they are not in receipt of specific instruction either from your Office or from the Office of the Dy D.C.Es Further, it is reported that even though bills claiming the first vacation salary have already been sent from certain colleges the concerned Dy. D C Es Office is not passing the bills for payment.

It may please be noted since the teachers have not yet been paid their first vacation salary they have not yet got the automatic promotion as Lecturers, even though they have completed 2 years' service as Jr. Lecturers. There are innumerable cases of this type now pending before the University.

I would therefore, request you to communicate the decision in question already taken, to the teachers Associations and the Principals of Private Colleges. ☐

# A brief note on the Demands of the teachers working in the colleges under S. N. Trusts-for discussion in the Conference on 7-11-82 of the representatives of the AKPCTA with the authorities of the Trusts:

The AKPCTA is immensely happy that an early opportunity has been given by the new Executive Committee of the Trusts for discussing with them, the long-standing denands of the teachers working in the colleges under the Trusts. We take this opportunity to express our sincere thanks. And we hope, the discussion would be meaningful and would produce the desired results.

The AKPCTA has. been represnting the grievances and demands of the teachers to the Trusts authorities for quite a long time and requesting them to take favourable action. Many a time the representatives of the AKPCTA met the Manager and brought the grievances of the teachers to his notice and discussed the demnands of the teachers with him. And assurances were given to us several times by him. But because of the unhelpful and indifferent attitude of the Management to the teachers'grievances,we were constrainedto stage mass sathyagrahas before the Office of the Trusts many a time. On November 24, 1980, a Sathyagraha was staged by the members of the AKACTA and a detailed representation was also submitted to the Manager. We also desired, then, to discuss the grievances and issues with the Executice Committee of the Trusts. The Manager then, assured that he would place the representation before the Executive Committee for consideration by it and that he would give us a reply. It was not known whether the Executive Committee considered the representation and found whether the grievances referred to in it were genuine or not. We were, however, given an "opportunity" of discussing the issues with the Executive Committee in May 1981- on the afternoon of 17-5-1981. On the day, the Executive Committee had a previously fixed programme. So at the time of the "discussion" most of the members of the Committee were not present. No serious discussion took place then-it was just a "make-believe" discussion What was distressing to us was, the steps taken by the Management after the 'discussion" were quite inconsistent with the promises given to us by the members present then. The Manager did not even give us an opportunity to discuss things thereafter, though he had promised to discuss things with the teachers' representatives.

And, solely because of the negative attitude of the Management, which was not prepared to settle things on the basis of mutual discussion, we were again forced to stage a mass Dharna before the Office of the Trusts on 8-3-1982. A representation was given to the Manager on that day also. The true copy of the representation submitted by the Association on 24-11-1980 was also attached to the representation submitted on 8-3-1982. Our request to the new Executive is that it would please consider the issues and grievances figuring in our representations

dated 24-11-1980 and 8-3-1982. We list them hereunder:-

1. Norms or Rules to govern the transfers of teachers may be framed after due consultation with the representatives of the teachers' Association and transfers may be effected only on the basis of such norms or rules.

2. Sanctioned teaching posts may be filled up promptly. Necessary advance action may be taken for the purpose. as there can be no justification at all for keeping sanctioned posts vacant.

3. Promotion appointments may be promoptly made as and when promotion posts arise. At present even automatic pramotions as Lecturers and Non-cadre Professors are not ordered in time-there is considerable delay in issuing promotion orders. Promotions as II Grade Cadre Professor in Language departments are not made, though there are specific provisions in University I Ordinances in force now.

4. Urgent steps may be taken by the Management for preparing the seniority list of the teachers on the basis of the Rules framed by the Universities and for finalising it in time, duly.

5. Teachers may not be discriminated in the matter of granting them long leave (leave on loss of pay) and allowing them to go on deputation for faculty improvement.

6. Action may be initiated by the Executive committee for ensuring adequate respresentation to the teachers in the Managing Bodies of the Trusts.

7 Early action may be taken for constituting Managing Councils.

8. Steps may be taken for the disbursement of the arrears for the period from 1966 due to the teachers.

9. Early action may be taken for posting necessary staff to the College offices and for toning up the efficiency of the Office of the S. N. Trusts.

10. Necessary facilities may be provided to the teachers in the Colleges so that thay can feel better in their place of work.

11. Delay in granting eligible leave applied for by teachers may be avoided.


12. The Management may immediately conduct an enquiry into the reported misdeeds of the principal, T. K. M. M. College, Nangiarkulangara in collusion with a few teachers of the College who where taking classes in parallel colleges. It has been reported that the said teachers committed malpratices in Univesity examinations in order to attract students to the parallel colleges where they were taking classes The principal was taking sides with the erring teachers, it has been complained by the majority of the teachers of the college in their signed representation to the Manager, S N. Colleges dated 9-3-1982. Though the Management decided to conduct an enquiry into the alleged misdeeds the enquiry has not yet been completed.

The Management would also examine whether the continuance of Prof C. N. Meenakshy in service beyond 31-3-1982 is in order or not. Prof. C N. Meenakshmy entered continuous service only on 1 7-59 i. e., after 1-4-1958. as is evident from the provisional seniority lists published by the Trusts in 1968 and 1978 As such she was not eligible to exercise option to retire at the age of 60 and she should have been retired from service on 31-3-1982. her date of birth being 30 10-1926 Some foul play is suspected in this. And this may please be enquired into and appropriate action taken as early as possible. The true copy of a notice circulated by the Principal (dated 25-11-1981) is placed before the authorities for perusal, and appropriate action.

(S)

Prof. M. R. Chandrasekharan
President
AKPCTA

# ശ്രീ ലോകനാഥിന്റെ കുടുംബത്തിന് ധനസഹായം



നിലമേൽ കോളേജ് അധ്യാപകനായിരിക്കെ അന്തരിച്ച ശ്രീ. വി. ലോകനാഥിന്റെ കുടുംബത്തെ സഹായിക്കാനായി സുഹൃത്തുക്കൾ ചേർന്നു ശേഖരിച്ച പതിനാറായിരം രൂപയുടെ പാസ്സ്ബുക്ക് 26–8–1982–ൽ കോളേജിൽ നടന്ന ലളിയമായ ചടങ്ങിൽ വച്ച് ശ്രീ. ലോകനാഥിന്റെ കുട്ടികൾക്ക് പ്രിൻസിപ്പൽ നല്കി.

ശ്രീമതി ചന്ദ്രനവല്ലി, പ്രൊഫ. സി. കെ. ഗോമതി അമ്മ (പ്രിൻസിപ്പൽ), പ്രൊഫ. അപ്പുക്കുട്ടൻ നായർ. പ്രൊഫ. പ്രസന്നരാജൻ എന്നിവരാണ് കുട്ടികളോടൊപ്പം നില്ക്കുന്നത്.

## കോഴിക്കോട് യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലറുടെ ധിക്കാരം

### സെനററ് യോഗം പെട്ടെന്ന് പിരിച്ചുവിട്ടു

സെനററിന് നല്കിയിരുന്ന ഉറപ്പുകൾക്കു വിരുദ്ധമായി, മാനേജുമെന്റുകളുടെ അഴിമതിയ്ക്കു ചൂട്ടുപിടിച്ചുകൊടുക്കുന്ന സിൻഡിക്കേററിന്റെ തീരുമാനത്തെപ്പററി ചർച്ചചെയ്യണമെന്ന് എ.കെ.പി.സി.ടി.എ. പ്രതിനിധികൾ ആവശ്യപ്പെട്ടപ്പോൾ മൊഴിമുട്ടിയ വൈസ് ചാൻസ്ലർ യോഗം പെട്ടെന്ന് പിരിച്ചുവിട്ട് തടിതപ്പിയ രംഗമാണ് ഒക്ടോബർ 20–ാം തീയതി ഉണ്ടായത്.

മാനേജിംഗ് കൗൺസിൽ / ഗവേണിംഗ് ബോഡി രൂപീകരിക്കാത്ത മാനേജുമെന്റുകൾക്ക് പുതിയ കോഴ്സുകളും കോളേജുകളും നല്കില്ലെന്ന ഉറപ്പ് നേരത്തേ സെനററിന് നല്കിയിരുന്നതാണ്. എന്നാൽ അതിനു വിരുദ്ധമായി നവംബർ 6 ന് നടന്ന സിൻഡിക്കേററ് യോഗം വോട്ടെടുപ്പിലൂടെ, മാനേജിംഗ് കൗൺസിൽ രൂപീകരിക്കാത്തവർക്കും പുതിയ കോഴ്സുകൾ നല്കാനുള്ള തീരുമാനമെടുത്തു. ഇതുസംബന്ധിച്ച വിശദീകരണമാണ് സെനററിൽ എ.കെ.പി.സി.ടി.എ. പ്രതിനിധികൾ ആവശ്യപ്പെട്ടത്. എന്നാൽ ഈ പ്രശ്നം ഉന്നയിക്കാൻ തന്നെ വൈസ്ചാൻസ്ലർ സമ്മതിച്ചില്ല. പെട്ടെന്ന് യോഗം പിരിച്ചുവിടുകയും ചെയ്തു.

kerala private college teacher
monthly journal of the all kerala private college teachers' association
R. No. M. 30265/81 Registered No. KL/TV(N)
No. 41

"പരിവർത്തനോൻമുഖമായ വിദ്യാഭ്യാസം
വ്യവസ്ഥാപിതമായ സ്കൂളുകളിൽക്കൂടിയും
കോളേജുകളിലൂടെയും കൈവരുത്താൻ കഴിയുമോ?

വ്യവസ്ഥാപിതമായ സ്കൂളുകൾ
ഇപ്പോൾ രാജ്യംഭരിക്കുന്നവരുടെ നെടുംകോട്ടകളാണല്ലോ.
അതിൽപെട്ടുപോയിരിക്കുന്ന വിദ്യാർത്ഥികളാകട്ടെ,
അധ്യാപകരാകട്ടെ അവർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന
അടിമത്തത്തിന്റെയും അന്യവൽക്കരണത്തിന്റെയും
സ്വഭാവം അറിയുന്നതേയില്ല. അറിയുമ്പോഴേയ്ക്കും
അവർതന്നെ ആ പ്രക്രിയയിൽ നിത്യബദ്ധരായി
തീർന്നിരിക്കുന്നു. അതുകൊണ്ട് പരിവർത്തനോൻമുഖ
വിദ്യാഭ്യാസം കൂടുതൽ വ്യാപകമായ ഒരു നിലയിൽ
നീതിയേയും തുല്യതയേയും മുമ്പിൽവെച്ചുകൊണ്ട്
വളർത്തിയെടുക്കണം."

# "പരിവർത്തനോൻമുഖമായ വിദ്യാഭ്യാസം"

## ഗുരു നിത്യചൈതന്യയതിയുടെ ശ്രദ്ധേയമായ ലേഖനം

# ജേർണൽ വിശേഷാൽപ്പതിപ്പിൽ

1983 ഫെബ്രുവരി 4 ന് പ്രസിദ്ധീകരിക്കുന്നു

കോപ്പികൾ ആവശ്യമുള്ളവർ മുൻകൂട്ടി എഴുതുക :—
VASANTHAM, KESAVADASAPURAM, TRIVANDRUM-4

Printed and published by v. narayanan kutty, at chempaka printers, trivandrum-4 phone
chief editor: v. n. murali